# ജനനീതി

173

സെപ്തംബർ 2011

3.00 ക.




**വിളതിന്നുന്ന വേലിക്ക് ഒരു ഉത്തമോദാഹരണം**

ജവാന്മാരുടെ വിധവകൾക്ക് നൽകാനെന്ന പേരിൽ മുംബായിയിൽ നിർമ്മിച്ച “ആദർശ”സഹകരണ ഭവനനിർമ്മാണ സമിതി.

# ദൈവം വേണ്ടാത്ത രാജ്യങ്ങൾ

- ജേസൺ പാമർ -

**ഇ**ൗയിടെ നടന്ന കനേഷുമാരി കണക്കെടുപ്പ് വിശകലനം ചെയ്തതിൽ ലോകത്തിലെ ഒമ്പതു രാജ്യങ്ങൾ അടുത്തുതന്നെ ദൈവം വേണ്ടാത്ത രാജ്യങ്ങളായിത്തീരുമെന്ന് കാണുകയുണ്ടായി. ഈ രാജ്യങ്ങളിൽ മതം കുറ്റിയറ്റുപോകുമെന്ന് ഗവേഷകർ പറയുന്നു. അതുപോലെ മതമില്ലാത്തവരുടെ എണ്ണം ക്രമ പ്രവൃദ്ധമായിക്കൊണ്ടിരിക്കുകയാണ്.

അമേരിക്കയിലെ ഡല്ലാസിൽ നടന്ന അമേരിക്കൻ ഫിസിക്കൽ സൊസൈറ്റിയാണ് ഇത് സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്തത്. ഈ ഒമ്പതുരാജ്യങ്ങളിൽ മതം വംശനാശത്തെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

മതസംബന്ധമായ കണക്കെടുപ്പ് ആരംഭിച്ച ഒരു നൂറ്റാണ്ടുകാലത്തെ കണക്കുകൾ വിശകലനത്തിന്ന് വിധേയമാക്കപ്പെട്ടു. ആസ്ത്രേലിയ, ആസ്ത്രിയ, കനഡ, ചെക് റിപ്പബ്ലിക്, ഫിൻലാഡ് അയർലാൻഡ്, നെതർലാൻഡ്, ന്യൂസിലാൻഡ്, സ്വിറ്റ്സർലാൻഡ് എന്നിവയാണ് മതത്തോട് വിടവാങ്ങിക്കൊണ്ടിരിക്കുന്ന രാജ്യങ്ങൾ.

ആധുനിക മതേതര ജനാധിപത്യങ്ങളിൽ മിക്കവയിലും മതബന്ധമില്ലാത്തവരുടെ എണ്ണം വർധിച്ചുവരികയാണെന്ന് അകിസോണ സർവ്വകലാശാലയിലെ ശാസ്ത്രജ്ഞനായ റിച്ചാർഡ് വിനർ പറയുന്നു. ശാസ്ത്ര പുരോഗതിക്കുള്ള ഗവേഷണ കോർപ്പറേഷനിലെ ശാസ്ത്രജ്ഞനാണിദ്ദേഹം. മേൽപറഞ്ഞ രാജ്യങ്ങളിൽ മതബന്ധമില്ലാത്തവരുടെ എണ്ണം വർധിച്ചുവരികയാണ്. നെതർലാൻഡ്സിലെ ജനങ്ങളിൽ 40 ശതമാനവും മതബന്ധമില്ലാത്തവരാണ്.

ചെക്ക് റിപ്പബ്ലിക്കിലാണ് മതബന്ധമില്ലാത്തവർ ഏറ്റവുമധികമുള്ളത്. അവിടെ അറുപത് ശതമാനവും മതങ്ങളുമായുള്ള സകല ബന്ധവും ഉപേക്ഷിച്ചിരിക്കുന്നു.

മറ്റു രാജ്യങ്ങളുടെ സ്ഥിതിയും ഇതുതന്നെയാണ്. ഈ നിലക്ക് പോയാൽ മതബന്ധമില്ലാത്തവരായിരിക്കും ജനങ്ങളെല്ലാം. ഇതു സംബന്ധിച്ച വിശകലനം ബി.ബി.സി. കഴിഞ്ഞ മാർച്ച് 22ന് സംപ്രേഷണം ചെയ്യുകയുണ്ടായി.

അതേസമയം ഇന്ത്യയിലെ മധ്യപ്രദേശ് സംസ്ഥാനത്തെ വിദ്യാഭ്യാസ വകുപ്പ് "ഗീതാസാരം" എന്ന പുസ്തകം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ഒരു ശ്രമം നടക്കുന്നുണ്ട്. മേയ് 10ന്ന് നടന്ന മതനേതാക്കളുടെ ഒരു സമ്മേളനം "ഗീതാസാരം" പാഠപുസ്തകമാക്കിയാൽ ഇതരമതങ്ങൾ സംബന്ധിച്ച കൃതികളും പാഠപുസ്തകമാക്കണമെന്ന് ആവശ്യപ്പെട്ടു.

സ്കൂളിൽ മതപഠനം നടത്തുന്നത് ഭരണഘടനാ വിരുദ്ധമാണെന്ന് ഹാർമണി ഫൗണ്ടേഷൻ എന്ന സംഘടന മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. ❑



ജനനീതി

സെപ്തംബർ 2011

173

പത്രാധിപർ:

**ടി.വി. അച്യുതവാരിയർ**

പത്രാധിപസമിതി:

**കെ.ജി. ശങ്കരപ്പിള്ള**
**സി.പി. ഗംഗാധരൻ**
**ഫ്രാൻസീസ് സേവ്യർ**
**പി.എൻ. ഗോപീകൃഷ്ണൻ**
**എൻ.എൻ. ഗോകുൽദാസ്**
**വി.കെ. ഷറഫുദ്ദീൻ**
**ജോർജ്ജ് പുലികുത്തിയിൽ**

**ജനനീതി**
**പി.ബി. നമ്പർ 8**
**തോട്ടപ്പടി, മണ്ണുത്തി പോസ്റ്റ്**
**തൃശൂർ – 680 651**
Tel :-487 2373479, 2373281
Fax:-487- 2373281
E-mail: gpneethi@sancharnet.in
Web: www.jananeethi.org

എഡിറ്റോറിയൽ

# അലങ്കാരം മാത്രമായ ലോകപാൽ ബിൽ ദോഷമേ ചെയ്യൂ

**അ**ഴിമതിക്കാരെ വേട്ടയാടാനുദ്ദേശിച്ചുകൊണ്ടുള്ള ഒരു ലോകപാൽ ബില്ലിന്റെ കാര്യത്തിൽ, ഇന്ത്യയിലെ പൗരസഞ്ചയത്തെ പ്രതിനിധീകരിച്ചുകൊണ്ട് അന്ന ഹസാരേയും നിക്ഷിപ്ത താല്പര്യക്കാരെ പ്രതിനിധീകരിച്ചുകൊണ്ട് ഭരണകൂടവും തമ്മിൽ നടന്നുവന്നിരുന്ന തർക്കങ്ങൾ ഇതെഴുതുമ്പോഴും തുടർന്നുകൊണ്ടിരിക്കുകയാണ്. മുൻ പ്രഖ്യാപനമനുസരിച്ച് അന്ന ഹസാരെ ആഗസ്റ്റ് 16 മുതൽ ഉപവാസമാരംഭിച്ചിട്ടുണ്ട്. ഒരെത്തും പിടിയുമില്ലാത്ത ഗവർമ്മേണ്ടാകട്ടെ, കോമാ

## മുഖചിത്രം

**മു**ംബായിയിൽ സൈനിക താവളത്തിന്നു തൊട്ടടുത്ത്, കടൽതീര സംരക്ഷണ നിയമത്തേയും പരിസ്ഥിതി സംരക്ഷണ നിയമത്തേയും ലംഘിച്ചുകൊണ്ട്, പണിതുയർത്തിയ, മുപ്പത്തൊന്നു നിലകളുള്ള ആകാശചുംബിയായ സൗധം. കാർഗിലിൽ കൊല്ലപ്പെട്ട ജവാന്മാരുടെ വിധവകൾക്ക് പാർപ്പിട സൗകര്യമുണ്ടാക്കാനാണെന്നു പറഞ്ഞുകൊണ്ട് പണിതു തുടങ്ങിയ ഈ കെട്ടിടത്തിന്നിട്ട പേരുതന്നെ "ആദർശ്" എന്നായിരുന്നു. എല്ലാവിധ നിയമങ്ങളേയും ധ്വംസിച്ചുകൊണ്ട് നിർമ്മിച്ച ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിന് എല്ലാ അധികാരികളും കൂട്ടുനിന്നുവെന്നല്ല, ഈ ഫ്ളാറ്റ് സമുച്ചയത്തിലെ ഏതാണ്ട് എല്ലാ ഫ്ളാറ്റുകളും രാഷ്ട്രീയ രംഗത്തേയും സൈനിക മേഖലയിലേയും ഉദ്യോഗസ്ഥ തലത്തിലേയും പ്രമാണിമാർ പങ്കിട്ടെടുക്കുകയും ചെയ്തു. മറ്റു അഴിമതികളിലെ നായകന്മാരുടെയെല്ലാം വിവരങ്ങൾ പത്രങ്ങളിൽ തുടർച്ചയായി പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കുമ്പോഴും ഈ "ആദർശ കുംഭകോണ"ത്തിലെ കഥാപാത്രങ്ങളുടെ മാത്രം പേർവിവരങ്ങൾ പുറത്തുവരാത്തതിന്റെ കാരണം അതാണ്.

ളിവേഷങ്ങൾ ഒന്നിന്നു പിറകെ ഒന്നായി അവതരിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ജനസഞ്ചയത്തിന്റെ നിശ്ചയദാർഢ്യമാണോ ഭരണകൂടത്തിന്റെ പിടിവാശിയാണോ ജയിക്കുക എന്ന് കണ്ടുതന്നെ അറിയണം.

ലോകപാൽ ബില്ലിന്റെ മുൻകാലാനുഭവങ്ങൾ നമുക്ക് മാറ്റിനിർത്തുക. പാർലിമെന്റിലും നിയമസഭകളിലും 33 ശതമാനം സ്ത്രീകൾക്കായി സംവരണം ചെയ്യണമെന്ന് നാം ആവശ്യപ്പെട്ടു തുടങ്ങിയിട്ട് കാലമേറെയായി. ആരും അതിനെതിരല്ല. എന്നാൽ മാറിമാറിവന്ന ഗവർമ്മേണ്ടുകളിൽ ഒന്നിന്നുപോലും അതു പാസാക്കാനുള്ള തന്റേടമുണ്ടായില്ല. ബില്ലിലെ വ്യവസ്ഥകളിൽ ഒന്നിനെയല്ലെങ്കിൽ മറ്റൊന്നിനെച്ചൊല്ലി തർക്കിച്ച്, ബിൽ പാസാക്കുന്നത് തടയുകയാണിവിടെ ചെയ്യുന്നത്. പുരുഷാധിപത്യമുള്ള ഒരു പാർലിമെന്റ് സ്ത്രീകൾക്ക് സംവരണമേർപ്പെടുത്തുമെന്ന് പ്രതീക്ഷിക്കുന്നതുതന്നെ വിഢ്ഢിത്തമല്ലേ!

അന്ന ഹസാരെയുടെ ലോകപാൽ ബില്ലിന്റെ കഥയും ഇതുതന്നെയാണ്. അഴിമതിക്കാർക്ക് സർവ്വാധിപത്യമുള്ള, അഴിമതിക്കാർക്കുവേണ്ടി അഴിമതിക്കാർ ഭരണം നടത്തുന്ന ഒരു നാട്ടിലെ പാർലിമെന്റ്, കർക്കശമായൊരു അഴിമതി വിരുദ്ധ ബിൽ പാസാക്കില്ലെന്നു തീർച്ച. ഗവർമ്മേണ്ട് മുൻകയ്യെടുത്ത് പാർലിമെന്റിൽ അവതരിപ്പിച്ചിട്ടുള്ള ലോകപാൽ ബിൽ അഴിമതിക്കാരെ സംരക്ഷിക്കാൻമാത്രം ഉദ്ദേശിച്ചുകൊണ്ടുള്ള ഒന്നാണെന്ന് ഒറ്റനോട്ടത്തിൽതന്നെ വ്യക്തമാകും. പേരിന്നൊരു അലങ്കാരവസ്തു; ഫലത്തിൽ വിനാശകരവും.

ലോകപാൽ പോലൊരു അഴിമതി വിരുദ്ധ സംവിധാനം, ലോകായുക്ത എന്ന പേരിൽ എല്ലാ സംസ്ഥാനങ്ങളിലും തല്ലിപ്പടച്ചുണ്ടാക്കിയിട്ടുണ്ട്. പൊതുമുതൽ കട്ടുതിന്നുന്ന കാട്ടുകള്ളന്മാരിൽ പലരേയും ഇവർ ഓടിച്ചിട്ട് പിടികൂടാറുമുണ്ട്. എന്നിട്ടോ? എന്നിട്ടൊന്നുമില്ല! കള്ളന്മാരെ പിടികൂടാനല്ലാതെ അവരെ പ്രോസിക്യൂട്ട് ചെയ്യാൻ ലോകായുക്തകൾക്ക് അധികാരമില്ല; അതിനുള്ള അധികാരം മുഖ്യമന്ത്രിമാർക്കാണ്. പൊതുമുതൽ കട്ടുതിന്നുന്നവരിലധികവും മുഖ്യമന്ത്രിമാരാണ്; അല്ലെങ്കിൽ മുഖ്യമന്ത്രിമാരുടെ തണലിൽ കഴിയുന്നവരാണ്. അതുകൊണ്ടുതന്നെ ഒരു ലോകായുക്തക്കും ഒരാളേയും പ്രോസിക്യൂട്ട് ചെയ്യാൻ അധികാരം ലഭിക്കാറില്ല. ഇതേ ദുർഗതി തന്നെയാണ് പാർലിമെന്റിൽ ഗവർമ്മേണ്ടിപ്പോൾ അവതരിപ്പിച്ചിരിക്കുന്ന ലോകപാൽ ബിൽ പാസ്സാക്കിയാലും ഉണ്ടാകാൻ പോകുന്നത്. നിലവിലുള്ള ചീഫ് വിജിലൻസ് കമ്മീഷണർ, സി.ബി.ഐ. തുടങ്ങിയവരെല്ലാം ചെയ്യുന്ന അതേ ദാസ്യവൃത്തിക്ക് ഒരു ലോകപാലിനെക്കൂടി കിട്ടുമെന്നർത്ഥം.

അഴിമതി ഇന്ത്യയിൽ വ്യാപകമാണെന്ന് എല്ലാവരും സമ്മതിക്കുന്നുണ്ട്. ഇതിന്ന് ഒരു പരിഹാരമുണ്ടാക്കാതിരുന്നാൽ എല്ലാം നശിക്കുമെന്ന കാര്യത്തിലും തർക്കമില്ല. എന്താണിതിന്നു പരിഹാരമെന്ന കാര്യത്തിലേ ഭിന്നാഭിപ്രായം കാണുന്നുള്ളൂ. ഓരോ കാലഘട്ടത്തിന്നും, ഓരോ പ്രശ്നത്തിന്നും, അതിന്നനുയോജ്യമായ പരിഹാരമാർഗ്ഗം കണ്ടെത്തേണ്ടിവരും. ഏതായാലും ഒരുകാര്യം തീർച്ച; അഞ്ചോ പത്തോ പേർക്ക് കൈകാര്യം ചെയ്യാവുന്നത്ര ലളിതമായ പ്രശ്നമല്ല ഇത്. ജനങ്ങൾതന്നെ മുന്നിട്ടിറങ്ങണം. പ്രശ്നങ്ങൾക്ക് സ്വന്തമായ പരിഹാരമാർഗ്ഗം കണ്ടെത്തുകയോ അതല്ലെങ്കിൽ മറ്റുള്ളവർ ആവിഷ്ക്കരിച്ച പരിഹാരമാർഗ്ഗങ്ങളെ പിന്തുടരുകയോ വേണം. പരിഹാര രീതി ഏതായാലും ശരി, ജനകീയ പങ്കാളിത്തം കൂടിയേതീരൂ. ജനങ്ങളിവിടെ കാഴ്ചക്കാരായി മാറിനിന്നുകൂടാ. കർമ്മരംഗത്തിറങ്ങി പ്രവർത്തിക്കാനുള്ള സന്നദ്ധതയാണ് ഏവർക്കും ഉണ്ടാകേണ്ടത്. അഹിംസാത്മകമായ മാർഗ്ഗങ്ങളിലൂടെ നമുക്ക് ഈ പ്രശ്നം പരിഹരിക്കണം. കാരണം ഹിംസ ഒന്നിന്നും പരിഹാരമാർഗ്ഗമല്ല. ഹിംസ ഹിംസയെ പോറ്റുകയേ ചെയ്യൂ. തീ കൊണ്ട് തീ കെടുത്താനാവില്ല. ❑



# വർഗീയത: ഭീകരമായ ചില അനുഭവങ്ങൾ

**- സമീറ അഗ്നിഹോത്രി -**

(ബാംഗ്ലൂരിലെ ഇന്ത്യൻ ഇൻസ്റ്റിട്യൂട്ട് ഓഫ് സയൻസിൽ ഡോക്ടറേറ്റിന് പഠിക്കുന്ന ഒരു വിദ്യാർത്ഥിനിയാണ് സമീറ. തനിക്കുണ്ടായ ഭീകരമായ ചില അനുഭവങ്ങൾ ഒരു പേടിസ്വപ്നമായി രൂപാന്തരപ്പെട്ടതിനെയാണ് സമീറ ഇവിടെ വിവരിക്കുന്നത്.)

ഒരു പേരിലെന്തിരിക്കുന്നുവെന്ന് നിങ്ങൾ അത്ഭുതപ്പെട്ടേക്കും. ഒന്നുമില്ലെന്നു പറയാം; എന്നാൽ അതിൽ സർവ്വസ്വവും ഉൾപ്പെടുന്ന അനുഭവങ്ങളുമുണ്ട്. അയോധ്യാ പ്രശ്നം സംബന്ധിച്ച് അല്ലാഹാബാദ് ഹൈക്കോടതിയിൽ ഈയിടെ വിധി പ്രഖ്യാപിക്കുകയുണ്ടായി. ആ വിധി വരുത്തിത്തീർത്തേക്കാവുന്ന മാരണങ്ങളെക്കുറിച്ചുള്ള ചിന്തതന്നെ ഒരു പേടി സ്വപ്നമായിത്തീർന്നു.

ഞാനൊരു വർഗ്ഗീയ കലാപത്തിന്റെ നടുവിൽ ചെന്നുപെട്ടതായി സ്വപ്നം കണ്ടു. ആരെല്ലാമോ തുറിച്ചുനോക്കുന്നു. ഭീഷണാത്മകമായ സ്വരത്തിൽ ചിലർ എന്റെ പേർ ചോദിക്കുന്നു. ഞാൻ വിയർപ്പിൽ കുളിച്ച നിലയിലാണ് ഞെട്ടിയുണർന്നത്. ഞാൻ ഉറക്കത്തിൽ കരയുകയായിരുന്നുവോ? അറിയില്ല.

വാസ്തവത്തിൽ ഞാനൊരിക്കലും ഒരു വർഗ്ഗീയ കലാപത്തിലും ചെന്നുപെട്ടിട്ടില്ല. എന്നാൽ ഒട്ടേറെ ചെറു സംഭവങ്ങൾ എന്റെ മനസ്സിൽ ഈട്ടംകൂടി കിടക്കുന്നുണ്ട്. അതായിരിക്കണം ഈ ദു:സ്വപ്നത്തിന്നു കാരണം.

ഗോധ്രാ സംഭവത്തിന്നു ശേഷം മോഡി വാഴുന്ന ഗുജറാത്തിൽ നിന്നായിരുന്നു തുടക്കം. ഞാൻ വഡോദരയിലെ ഒരു തുണിക്കടയിൽ ഒരു സ്നേഹിതയോടൊപ്പം പോയി. സ്നേഹിത അകത്ത് വസ്ത്രങ്ങൾ തിരയുന്നു. ഞാൻ കൗണ്ടറിന്നടുത്തു നിൽക്കുന്നു. വസ്ത്രം തിരയുന്നതിന്നിടയിൽ സ്നേഹിത ഒരു ഷർട്ടെടുത്ത് ഉയർത്തിപ്പിടിച്ച് വിളിച്ചു ചോദിച്ചു. “സമീറേ, ഈ ഷർട്ടിനെപ്പറ്റി എന്തു തോന്നുന്നു”.

കടയുടമസ്ഥൻ എന്റെ നേരെ തിരിഞ്ഞ് ചോദിച്ചു. “നിങ്ങളൊരു മുസ്ലീമാണോ?” അയാളുടെ നോട്ടവും ചോദ്യത്തിന്റെ സ്വരവും പേടിപ്പിക്കുന്നതായിരുന്നു. “നിങ്ങൾക്കത് അറിഞ്ഞിട്ടെന്തുകാര്യം?” എന്ന് ഞാൻ ചോദിച്ചു. അത് കടയുടമസ്ഥനെ വിഷമത്തിലാക്കി. അയാൾ സ്തംഭിച്ചുനിന്നു. ആ അവസരം പ്രയോജനപ്പെടുത്തി ഞാൻ പുറത്തിറങ്ങി നടന്നു.

ഡോക്ടറേറ്റിന്നുള്ള എന്റെ ഗവേഷണ വിഷയം സംബന്ധിച്ച പ്രബന്ധം എഴുതി തീർക്കാൻ എനിക്ക് നാട്ടിൻ പുറത്ത് ഒരുപാട് ചുറ്റിക്കറങ്ങേണ്ടതുണ്ടായിരുന്നു. കർണാടകത്തിലെ ഗ്രാമപ്രദേശങ്ങളിൽ ഒരു ഹിന്ദി വാക്ക് ഉച്ചരിച്ചാൽ മതി, അതു തന്നെ നിങ്ങളെ ഒരു മുസ്ലീമാക്കും. താൻ മുസ്ലീമല്ല എന്നു പറഞ്ഞിട്ടൊന്നും കാര്യമില്ല. ഹിന്ദി മുസ്ലീമുകളുടെ മാതൃഭാഷയാണെന്ന് കർണ്ണാടകക്കാരിൽ മിക്കവരും വിശ്വസിക്കുന്നു. മുസ്ലീമുകളുടെ ഭാഷ സംസാരിക്കുന്നവർ മുസ്ലീം തന്നെയായിരിക്കും. ഇവിടത്തെ നാട്ടാനകളിൽ മിക്കവയും ഉത്തരേന്ത്യയിൽ നിന്നും വാങ്ങിക്കൊണ്ടുവന്നവയാണ്. അവയ്ക്ക് ഹിന്ദി ഭാഷയേ മനസ്സിലാകൂ. അതി

നാൽ ഗ്രാമീണരിൽ മിക്കവർക്കും നാട്ടാനകൾ മുസ്ലീമുകളാണ്! യാദൃഛികമായെങ്ങാനും നിങ്ങൾ കാജൽധരിക്കുകയും പൊട്ടുതൊടാതിരിക്കുകയും ചെയ്താൽ അതുതന്നെ നിങ്ങളെ ഒരു മുസ്ലീമാക്കിക്കളയും.

ഇത്തരം സന്ദർഭങ്ങളിൽ മിണ്ടാതെ ഒഴിഞ്ഞു മാറുകയാണ് അഭികാമ്യം. പക്ഷെ ചിലപ്പോൾ അതിന്നു സാധിച്ചുവെന്നു വരില്ല. ഒരു ദിവസം ഞാൻ ഒരു ജീപ്പിൽ ടൗണിലേക്ക് പോകുകയായിരുന്നു. ഞങ്ങളുടെ ഡ്രൈവർ ഒരു സോളിഗ ഗോത്രക്കാരനാണ്. ഞങ്ങളുടെ നേരെ കുറെ ട്രക്കുകൾ വരിവരിയായി വരുന്നത് കണ്ട് ജീപ്പ് ഡ്രൈവർ വേഗത കുറച്ചു. പെട്ടെന്ന് ബൈക്കിൽ വന്നിരുന്ന രണ്ടുപേർ ഞങ്ങളുടെ ജീപ്പിൽ വന്നിടിച്ചു. ബൈക്കിലുണ്ടായിരുന്നവരിൽ ഒരാളുടെ കാലിന്നല്പം പരിക്കേറ്റുവെന്നതൊഴിച്ചാൽ വേറെ അപകടമൊന്നും ഉണ്ടായില്ല. ബൈക്ക് ഇടിച്ച ഭാഗത്തുള്ള ജീപ്പിന്റെ ലൈറ്റ് പൊട്ടി. മൊബൈൽ ഫോണിൽ സംസാരിച്ചുകൊണ്ട് ബൈക്ക് ഓടിച്ചതാണ് അപകടത്തിന്നു കാരണം. എന്നാൽ ബൈക്ക് യാത്രക്കാർ ഞങ്ങളുടെ നേരെ തട്ടിക്കയറി. ഞങ്ങളും വിട്ടില്ല. അശ്രദ്ധമായി ബൈക്ക് ഓടിച്ചതാണ് അപകടകാരണമെന്നും ഞങ്ങളല്ല അതിന്നുത്തരവാദിയെന്നും ഞങ്ങൾ വാദിച്ചു. ജനക്കൂട്ടം തടിച്ചുകൂടുന്നതിന്നുമുമ്പ് ഞങ്ങൾ ജീപ്പിൽ സ്ഥലം വിട്ടു.

ടൗണിലെത്താൻ 20 മിനിട്ട് വേണ്ടിവന്നു. ലൈഫ് ഇൻഷുറൻസ് ഓഫീസിലേക്കാണ് ഞങ്ങൾ വന്നത് ഡ്രൈവർ ഒരു മരത്തിന്റെ ചുവട്ടിൽ ജീപ്പ് ഒതുക്കിയിട്ടു. ഓഫീസിൽ കയറിച്ചെന്നപ്പോൾ നീണ്ടൊരു ക്യൂവിന്റെ പിന്നിൽ കാത്തു നിൽക്കേണ്ടിവന്നു. കുറച്ചു കഴിഞ്ഞപ്പോൾ പുറത്ത് ചില ബഹളങ്ങൾ നടക്കുന്നതായി തോന്നി. ജനൽക്കൽ വന്നു നോക്കിയപ്പോൾ ബൈക്കു യാത്രക്കാർ ഞങ്ങളുടെ ഡ്രൈവറെ ശകാരിക്കുന്നതാണ് കണ്ടത്. വല്ലാത്ത അസ്വാസ്ഥ്യം തോന്നിയെങ്കിലും ഏറ്റുപിടിക്കാൻ തന്നെ ഞാൻ ഉറപ്പിച്ചു.

ജീപ്പ് ഡ്രൈവർ എങ്ങനേയോ അവരെ സമാധാനിപ്പിച്ച് വിട്ടു. ഇടപാട് തീർത്ത് ഞാൻ പുറത്തിറങ്ങി വന്നപ്പോഴേക്കും പോലീസിൽ തങ്ങൾക്കുള്ള സ്വാധീനത്തെപ്പറ്റി എന്തെല്ലാമോ ജല്പിക്കുന്നതുകേട്ടു. ഏതായാലും കുഴപ്പത്തിനൊന്നും നിൽക്കാതെ ബൈക്കുകാർ പോയി.

പിന്നീട് ഞാൻ ഡ്രൈവറോട് കാര്യം ചോദിച്ചു. ബൈക്കുകാർ ഈ ദൂരമത്രയും ഞങ്ങളെ പിൻതുടർന്നുവന്നത് ഞങ്ങൾ മുസ്ലീമുകളാണെന്ന് കരുതിയാണത്രെ. അവർ ഡ്രൈവറോട് പേരു ചോദിച്ചു. താൻ ബിലിഗിരി രങ്കൻ മലകളിലെ താമസക്കാരായ സോളിഗ ഗോത്രവർഗ്ഗക്കാരനാണെന്നു പറഞ്ഞപ്പോഴേ അവർ അടങ്ങിയുള്ളൂവെന്ന് ഡ്രൈവർ വിശദീകരിച്ചു. താനൊരു മുസ്ലീമാണെന്നു കരുതിയാണ് ഈ ദൂരമത്രയും അവർ പിൻതുടർന്നു വന്നതെന്ന് ഡ്രൈവർ പറഞ്ഞു. അത് എനിക്ക് ആശ്വാസമുളവാക്കുകയല്ല, ഉള്ള ആശ്വാസം പോലും ചോർത്തിക്കളയുകയാണ് ചെയ്തത്.

വർഗീയത വല്ലാത്തൊരു ഭ്രാന്താണ്, ഒരു ദിവസം ചെറിയൊരു കുട്ടിയെ രക്ഷിതാക്കൾ ശാസിക്കുന്നത് കേട്ടതായി ഓർക്കുന്നു. മൂത്രമൊഴിച്ചാൽ വെള്ളമെടുത്ത് ശൗചിക്കരുത്. സാഹോബുകളാണ് അങ്ങനെ ചെയ്യുക, നമ്മളല്ല. സാഹോബുകൾ എന്നു പറഞ്ഞാൽ മുസ്ലീമുകൾ എന്നർത്ഥം. ഇത്തരം മൂർഖന്മാരിൽ നിന്നു രക്ഷപ്പെടാനായി സ്വന്തം പേരുമാറ്റിയ പലരേയും എനിക്കറിയാം. ഗുജറാത്തിലെ താമസം തന്നെ നിർത്തി നാടുവിട്ടവരും ഏറെയുണ്ട്. എന്നോടും പേരുമാറ്റാൻ പലരും ഉപദേശിച്ചു. പേരുമാറ്റാം; പക്ഷെ ഇത്തരം പേടി സ്വപ്നങ്ങൾക്ക് അറുതി വരുത്താനാകുമോ? ❑

# രാം ദേവും ഹസാരേയും ഇന്ത്യയിലെ അഴിമതിയും

ടെലിവിഷന്റെ മുന്നിലിരിക്കാൻ ഈ ലേഖകൻ അധികം സമയമൊന്നും വിനിയോഗിക്കാറില്ല. സന്ധ്യക്ക് വിശേഷിച്ച് വല്ലവാർത്തയുമുണ്ടോ എന്നറിയാൻ അല്പസമയം ചെലവാക്കിയെന്നു വരാമെന്നേയുള്ളൂ. എന്നാൽ ഈ ജൂൺ 4 ന് വിഡ്ഢിപ്പെട്ടിയുടെ മുന്നിൽ കുടുങ്ങിപ്പോയി. പെട്ടി തുറന്നപ്പോൾ ബാബാ രാം ദേവിന്റെ പ്രകടനങ്ങളാണ് കണ്ടത്. ഇതൊരു അസാധാരണ കാഴ്ചയായിരുന്നു. ദക്ഷിണേന്ത്യയിൽ അധികമൊന്നും അറിയപ്പെടാത്ത ഒരു ബാബയാണിദ്ദേഹം. നമുക്കിവിടെ കൂടുതൽ പരിചിതമായിട്ടുള്ളത് സായി ബാബയാണ്. ഓരോ ബാബമാർക്കും



അന്ന ഹസാരെ

അവരവരുടേതായ തട്ടകമുണ്ടെന്നു തോന്നുന്നു. ഏതായാലും ഈ പുതിയ ബാബ എടുത്താൽ പൊന്താത്തത്ര ഘനമേറിയ കാര്യങ്ങളാണ് പറയുന്നത്. നമ്മുടെ രാജ്യത്തിലെ "മാന്യ"ന്മാർ ലോകത്തിന്റെ പല ഭാഗങ്ങളിലായി രഹസ്യമായി സൂക്ഷിച്ചിട്ടുള്ള സമ്പത്തത്രയും പിടിച്ചെടുത്ത് ഇന്ത്യയിൽ കൊണ്ടുവന്ന് ദേശീയ സമ്പത്താക്കി മാറ്റണമെന്നാണദ്ദേഹം ആവശ്യപ്പെടുന്നത്. അതിൽ ന്യായമുണ്ട്; യുക്തിയുമുണ്ട്. പക്ഷെ പ്രായോഗികമാണോ എന്നൊരു ശങ്ക അവശേഷിച്ചു. അമേരിക്കയും റഷ്യയുമടക്കമുള്ള മറ്റു രാജ്യങ്ങൾക്കൊന്നും സാധിക്കാത്ത ഒരു കാര്യം, സായ്പിനെ കണ്ടാൽ റൈറ്റ് - ലെഫ്റ്റ് മറന്നു പോകുന്ന ഇന്ത്യാ ഗവർമ്മേണ്ടിന്ന് ചെയ്യാനാകുമോ ആവോ? ഏതായാലും പ്രസംഗത്തിൽ അതെല്ലാം ആകാമെന്നതിൽ സംശയമില്ല.

ഇതിന്നുമുമ്പുതന്നെ ഹസാരെ എന്ന മറ്റൊരു ബാബ അഴിമതിക്കെതിരെ പടയൊരുക്കം ആരംഭിച്ചിരുന്നു. ഹസാരെ ഒരു പുതുമുഖമല്ല. മഹാരാഷ്ട്രത്തിലെങ്കിലും പയറ്റിത്തെളിഞ്ഞ ഒരു പൊതുപ്രവർത്തകനാണദ്ദേഹം. അഞ്ചോ ആറോ മന്ത്രിമാരുടെ കസേര തെറിപ്പിക്കാൻ അദ്ദേഹത്തിന്നു സാധിച്ചിട്ടുണ്ട്. മഹാരാഷ്ട്രത്തിന്നു പുറത്ത്, ദേശീയ തലത്തിൽ, പ്രവർത്തന പാരമ്പര്യം കുറവാണെങ്കിലും ഉഗ്രന്മാരായ ഒരുസംഘം അനുചരന്മാരെ സമ്പാദിക്കാൻ കഴിഞ്ഞിട്ടുള്ള ആളാണദ്ദേഹം. ശുദ്ധഗതിക്കാരനാണെങ്കിലും മറ്റുള്ളവരുമായി കൂടിയാലോചിച്ച് നേർവഴി കണ്ടെത്താൻ അദ്ദേഹത്തിന്നു മടിയൊന്നുമില്ല.

അങ്ങനെ കാര്യങ്ങളെല്ലാം നേർവഴിക്കു നീങ്ങിക്കൊണ്ടിരിക്കുന്നതിന്നിടയിൽ ഒരു ബാബ ചാടിവീണത് ചീനാ കട യിൽ കാളക്കൂറ്റൻ പാഞ്ഞു കയറിയതു പോലെ എന്ന ചൊല്ലുപോലെയായി. എല്ലാം നാനാവിധമാക്കുക എന്നല്ലാതെ ആർക്കും ഒരു പ്രയോജനവും ചെയ്യാത്ത ആൾ എന്നർത്ഥം. ബാബ യുടെ പെട്ടെന്നുണ്ടായ രംഗപ്രവേശം അത്തരമൊരു പ്രതീതിയാണ് ആദ്യം ഉളവാക്കിയത്.

പക്ഷെ അതങ്ങനെയൊന്നുമായിരു ന്നില്ലെന്ന് ഇപ്പോൾ പിൻതിരിഞ്ഞു നോക്കുമ്പോൾ തോന്നുന്നു. ഇതെല്ലാം വളരെ ആസൂത്രിതമായിരുന്നില്ലേ. യോഗാഭ്യാസം പഠിപ്പിക്കുകയും ആയുർവ്വേദ ഔഷധങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുകയുമാണ് ബാബ ഇത്രകാലവും ചെയ്തുവന്നിരുന്നത്. ഇവ രണ്ടിന്നും ഇന്ത്യക്കകത്തും പുറത്തും ആരാധകരുണ്ട്. കുട്ടിക്കാ ലത്ത് വീടുവിട്ടിറങ്ങിയ രാംദേവ് ഹരി ദ്വാറിൽ ഒരു സന്യാസിയുടെ ശിഷ്യ നായി ജീവിച്ചു. ആ സന്യാസി പെട്ടെന്നു കാലപുരി പൂകിയപ്പോൾ, അദ്ദേഹത്തിന്റെ ഭൗതിക സ്വത്തു മാത്ര മല്ല ആത്മീയ സമ്പത്തും രാം ദേവ് ഏറ്റെടുത്തു. സമ്പാദിച്ചതു എന്തും സംരക്ഷിക്കാൻ നല്ല മിടുക്കുള്ളവരാണ് ഉത്തരേന്ത്യയിലെ യാദവന്മാർ; രാംദേവ് അതിൽനിന്ന് വ്യത്യസ്തനായിരുന്നില്ല. അതൊരു കഥ വേറെ.

യോഗ ഗുരുവായി പേരും പ്രശ സ്തിയും നേടിയിരുന്ന രാം ദേവ് മേയ് അവസാനത്തിൽ ഒരു രാഷ്ട്രീയ നേതാ വായി അവതരിക്കുന്ന കാഴ്ച അമ്പര പ്പിക്കുന്നതായിരുന്നു. കള്ളപ്പണ വേട്ട ക്കായി അദ്ദേഹം സ്വന്തം വിമാനത്തിൽ ദൽഹിയിൽ വന്നിറങ്ങിയപ്പോൾ, അദ്ദേ ഹത്തെ സ്വീകരിക്കാൻ എങ്ങനെ, എന്തുകൊണ്ട് ഇത്രയേറെ മന്ത്രിമാരെ ത്തി. വിമാനത്താവളത്തിലെ സ്വീകരണ ങ്ങൾക്ക് ചില ആചാര മര്യാദകളുണ്ട്. ഒരു പ്രസിഡണ്ട് വരുമ്പോഴും പ്രധാന മന്ത്രി വരുമ്പോഴും മുഖ്യമന്ത്രിമാരെത്തു മ്പോഴും എത്രമന്ത്രിമാർ, ഏതെല്ലാം തലത്തിൽ പെട്ടവർ, സ്വീകരിക്കാൻ എത്തണമെന്നതിന്ന് കീഴ്വഴക്കങ്ങളുണ്ട് നമ്മുടെ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ദൽഹിയിലെത്തുമ്പോൾ അദ്ദേഹത്തെ സ്വീകരിക്കാൻ പ്രധാനമന്ത്രി മൻമോ ഹൻസിങ് എത്തില്ല; വരാൻ പാടില്ല. പക്ഷെ ഇവിടെ ആരുമല്ലാത്ത ഒരു ബാബയെ സ്വീകരിക്കാൻ മന്ത്രിമാരുടെ ഒരു പടതന്നെ എത്തിയത് അത്ഭുതക രമായിരുന്നു. ഇതിന്റെയെല്ലാം പിന്നിൽ അസാധാരണമായ എന്തോ ഉണ്ടെന്ന ധാരണ പരത്താൻ അത് സഹായിച്ചി രുന്നു. പക്ഷെ പ്രത്യക്ഷത്തിൽ ഒന്നും കാണാനും കഴിഞ്ഞില്ല! അതാണ് ദൽഹിയിലെ രാംലീല മൈതാന ത്തിലെ സമ്മേളനത്തെ ഒരു മഹാസ മ്മേളനമാക്കി മാറ്റിയത്. റിപ്പോർട്ടുകൾ ശരിയാണെങ്കിൽ ദൽഹിക്കു ചുറ്റും കിട ക്കുന്ന ഹരിയാന, പടിഞ്ഞാറൻ യു.പി. രാജസ്ഥാൻ എന്നിവിടങ്ങളിൽ നിന്നുള്ള കർഷകരായിരുന്നു സമ്മേളനത്തിൽ പങ്കെടുത്തവരിൽ മിക്കവരും.

ദൽഹിയിലെ സംഭവങ്ങളിലേക്ക് പിൻതിരിഞ്ഞു നോക്കുമ്പോൾ ഒരാൾക്കെത്തിച്ചേരാൻ കഴിയുന്നത് രണ്ടു നിഗമനത്തിലേക്കാണ് (1). ബാബയും ഗവർമ്മേണ്ടും തമ്മിൽ മുൻകൂട്ടിത്തന്നെ എന്തോ ധാരണയിലെ ത്തിയിരുന്നു. (2). ബാബയുടെ സമ്മേ ളനത്തെ അതിവിദഗ്ധമായി ചൂഷണം ചെയ്യാൻ ഗവർമ്മേണ്ട് മുൻകൂട്ടി പ്ലാനി ട്ടിരുന്നു. ഇവയിൽ യഥാർത്ഥ്യം ഏതാ യാലും ശരി ലക്ഷ്യം ഒന്നുതന്നെയായി രുന്നു. അഴിമതിക്കെതിരായും ലോകപാ ലിന്നു വേണ്ടിയും ഹസാരെ ആസൂ ത്രണം ചെയ്തിരുന്ന പദ്ധതി പൊളി ക്കുക എന്നതായിരുന്നു അത്. തൽക്കാ ലത്തേക്കെങ്കിലും അത് വിജയിച്ചുവെ ന്നതിൽ സംശയമില്ല. ❑

# വിനോദ് റായ് പുറത്തുകൊണ്ടുവന്ന അഴിമതികൾ

**- ടി.വി. അച്ചുതവാരിയർ -**

**ജ**നാധിപത്യ സംവിധാനങ്ങളി ലെല്ലാം നിലവിലുള്ള ഒരു വ്യവസ്ഥാ പിത സ്ഥാപനമാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ. കോടതി പോലെ, എലക്ഷൻ കമ്മീഷൻ പോലെ, സ്വതന്ത്രമായൊരു സ്ഥാപനമാണത്. ഗവർമ്മേണ്ടിന്നവിടെ ഒന്നും ചെയ്യാനാ വില്ല. ഓഡിറ്റിങ്ങിന്നാവശ്യമായ രേഖ കൾ നൽകുന്നത് കുറച്ചു താമസിപ്പി ക്കാം, കംപ്ട്രോളർ തയ്യാറാക്കി സമർപ്പി ക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ പാർലി മെന്റിൽ സമർപ്പിക്കുന്നത് കുറച്ച് വൈകിപ്പിക്കാം എന്നിങ്ങനെ ചില വികൃതികൾ കാണിക്കാമെന്നതിന്നപ്പുറം സർക്കാരിന്ന് ഒന്നും ചെയ്യാനാവില്ല. കംപ്ട്രോളർ ഇവിടെ ജനങ്ങളോട് നേരിട്ടു സംസാരിക്കുന്നു. സർക്കാരിന്ന് കള്ളക്കണക്കുകൾകൊണ്ട് പുകമറ സൃഷ്ടിക്കാനൊന്നും ഇവിടെ മാർഗ്ഗമി ല്ല. ഇന്ത്യയിലെന്നല്ല, എല്ലാ ജനാധി പത്യ സംവിധാനങ്ങളിലും നിലവിലുള്ള ഏർപ്പാടാണിത്.

1960കളിൽ ഇന്ദിരാഗാന്ധി അധികാ രമേൽക്കുന്നതുവരെ കംപ്ട്രോളറുടെ ഓഡിറ്റ് റിപ്പോർട്ടുകൾ ഗൗരവപൂർവ്വ മായ ചർച്ചക്ക് വിധേയമാക്കാറുണ്ടായി രുന്നു. ഇന്ദിരാ ഭരണകാലം കംപ്ട്രോ ളറുടെ ഗ്രഹണകാലമായിരുന്നുവെന്നു പറയാം. അതിന്നുശേഷം രാജീവ് അധി കാരത്തിൽ വന്നപ്പോൾ കംപ്ട്രോളർ പൂർണ്ണ ശോഭയോടെ തിള ങ്ങാൻ തുടങ്ങി. അന്നാണ് ബോഫോഴ്സ് കേസ് പുറ ത്തുവന്നത്. അതിന്നുശേഷം വീണ്ടും ഗ്രഹണകാലം വന്നു. ഇടതുമുന്നണിയുടെ പിന്തുണയോടെ കോൺഗ്രസ് അധികാരമേറ്റ പ്പോഴാണ് കംപ്ട്രോളർക്ക് വീണ്ടും പ്രസക്തിയുണ്ടായ ത്. കഴിഞ്ഞ മൂന്നു കൊല്ല ത്തിന്നിടയിൽ കംപ്ട്രോളർ എത്രയെത്ര കള്ളക്കണക്കു കളാണ് പുറത്തുകൊണ്ടുവ ന്നത്. വിനോദ് റായിയെ കംപ്ട്രോളർ ആൻഡ് ഓഡി റ്റർ ജനറലായി നിയമിച്ചതോ ടെയാണ് നാടിനെ നടുക്കി ക്കളഞ്ഞ അഴിമതികളുടെ കഥകൾ പുറത്തുവരാൻ തുടങ്ങിയത്.



വിനോദ് റായ്

ഓർമ്മയില്ലേ വിനോദ് റായിയെ? തൃശൂർക്കാരോട് റായിയെക്കുറിച്ച് എന്തെങ്കിലും പറയേണ്ട കാര്യമില്ല. തൃശ്ശൂരിനേയും തൃശ്ശൂർക്കാരേയും അകമഴിഞ്ഞ് സ്നേഹിച്ച, സ്നേഹിക്കുന്ന, ഒരു ഐ.എ.എസ്. ഉദ്യോഗസ്ഥനായിരുന്നു റായി. "വിളിച്ചാൽ വിളിപ്പുറത്ത് എത്തുന്ന" ദേവൻ അല്ലെങ്കിൽ ദേവി എന്നൊക്കെ ചില ദേവീദേവന്മാരെപ്പറ്റി ഭക്തന്മാർ വിശേഷിപ്പിക്കാറുണ്ട്. തൃശ്ശൂർക്കാരെ സംബന്ധിച്ചിടത്തോളം അത്തരമൊരു ദേവനായിരുന്നു റായി. ഏതു നാട്ടിലായാലും ശരി, ഏതു കാട്ടിലായാലും ശരി, ഫോൺ തൃശ്ശൂരിൽനിന്നാണെന്നു പറഞ്ഞാൽ സ്വയം ഫോൺ അറ്റൻഡ് ചെയ്യുന്ന ഒരു ഉദ്യോഗസ്ഥനായിരുന്നു അദ്ദേഹം. ഉയർന്ന തസ്തികകളിലുള്ള ഉദ്യോഗസ്ഥന്മാർക്ക് ഒരിക്കലും രണ്ടോ മൂന്നോ കൊല്ലത്തിലധികം കാലം ഒരിടത്തും ജോലി ചെയ്യാനാവില്ല. അതൊരു സർക്കാർ നയമാണ്. അല്ലെങ്കിലും രാഷ്ട്രീയക്കാരും നിക്ഷിപ്ത താല്പര്യക്കാരും പൊറുതിമുട്ടിക്കും. അങ്ങനെയുളള സാഹചര്യത്തിൽ, തൃശ്ശൂരിൽ ഏഴുകൊല്ലം ഭരണം നടത്തിയ ആളാണ് റായി. അതിൽ രണ്ടു കൊല്ലക്കാലം തൃശ്ശൂർ കലക്ടറായിട്ടായിരുന്നു. അതിൽ ഒരു കൊല്ലക്കാലം തൃശ്ശൂർ മുനിസിപ്പൽ ചെയർമാൻകൂടിയായിരുന്നു.

അന്ന് എന്തെല്ലാം അത്ഭുതങ്ങളാണ് വിനോദ് റായ് ചെയ്തത്! അനാഥമായി കിടന്നിരുന്ന തേക്കിൻകാട് മൈതാനത്തിന്നൊരു നാഥനുണ്ടായത് അക്കാലത്താണ്. തേക്കിൻകാട് മൈതാനത്തിൽനിന്നും വണ്ടിപ്പേട്ടയേയും കാർപാർക്കിനേയും ഇറക്കിവിട്ടത് അക്കാലത്താണ്. തേക്കിൻകാട് മൈതാനത്തിന്റെ സൗന്ദര്യവൽക്കരണം ആരംഭിച്ചതും അക്കാലത്തുതന്നെ. പേരിനൊരു തേക്കുപോലും ഇല്ലാതിരുന്ന തേക്കിൻകാട്ടിൽ, മുഖ്യമന്ത്രി കരുണാകരനെക്കൊണ്ടുതന്നെ ഒരു തേക്കിൻതൈ നടുവിച്ചതും അക്കാലത്താണ്.

റായിക്ക് ഒരു വിധ രാഷ്ട്രീയവുമില്ലായിരുന്നു. അതുകൊണ്ടദ്ദേഹം അരാഷ്ട്രീയക്കാരനായിരുന്നു എന്ന് അർത്ഥം വരുന്നില്ല. ഏതുനല്ല പ്രവൃത്തിക്കും അദ്ദേഹം പിന്തുണ നൽകാറുണ്ട്. അത് രാഷ്ട്രീയം നോക്കിയല്ല എന്നേ വിവക്ഷയുള്ളൂ. ഇടതുമുന്നണിക്ക് റായി പ്രിയംകരനായിരുന്നു. അതുപോലെത്തന്നെ വലതുമുന്നണിക്കും വിനോദ് റായിയെ വലിയ കാര്യമായിരുന്നു. ഏതു മുന്നണി ഭരിക്കുമ്പോഴും റായിക്ക് പിന്തുണ ഉറപ്പായിരുന്നു. വാസ്തവത്തിൽ കരുണാകരന്റെ സ്വന്തക്കാരനായിരുന്നു റായി. വിനോദ് റായ് നിർദ്ദേശിച്ചതെന്തും കരുണാകരൻ നടപ്പാക്കുമെന്നിടത്തോളം കാര്യങ്ങളെത്തിയതാണ്. കരുണാകരനും റായിയും ഒന്നിച്ചു വാഴ്ച നടത്തിയ രണ്ട് കൊല്ലക്കാലമാണ് തൃശ്ശൂരിന്റെ ശുക്രദശക്കാലം.

തൃശ്ശൂർ മുനിസിപ്പൽ ഓഫീസിന്റെ മുന്നിലുണ്ടായിരുന്ന ബസ് സ്റ്റാന്റ് അവിടെനിന്ന് മാറ്റാൻ പലരും പല തവണ ശ്രമിച്ച് പരാജയപ്പെട്ടിരിക്കുകയായിരുന്നു. റായിയുടെ ഭരണകാലത്താണ് അത് ശക്തൻ നഗറിലേക്ക് മാറ്റിയത്. തേക്കിൻകാട് മൈതാനത്തിൽ അന്യവാഹനങ്ങൾക്ക് പ്രവേശനം തടഞ്ഞതും അക്കാലത്ത്തന്നെ. അന്ന് ഐ.എൻ.ടി.യു.സി.ക്കാർ കലിതുള്ളി എത്തിയപ്പോൾ അവരുടെ കലി ഇറക്കിവിട്ടത് കരുണാകരനായിരുന്നു.

വിനോദ് റായി പിന്നീട് പലയിടത്തും തന്റെ വ്യക്തിമുദ്ര ചാർത്തിയശേഷം സെൻട്രൽ സെക്രട്ടറിയേറ്റിലെത്തി. അപ്പോഴാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലായി നിയമിതനായത്. ഇത് എലക്ഷൻ കമ്മീഷനെപ്പോലെ ഒരു വ്യവസ്ഥാപിത സ്ഥാപനമാകയാൽ ആർക്കും ഇടപെടാനാവില്ല. വയസ്സ് 62 ആയെങ്കിലും താനിപ്പോഴും ചെറുപ്പക്കാരനാണെന്നും തന്റെ തലക്കുള്ളിൽ ധാരാളം ആശയങ്ങളുണ്ടെന്നും, കണ്ടാൽ വയസ്സനായെന്ന് തോന്നിപ്പിക്കാനായി തലമുടിയെല്ലാം വെളുപ്പിച്ചു നടക്കുകയാണെന്നും റായ് പറയുന്നു. കാര്യം ശരിയാകണം. കഴിഞ്ഞ മൂന്നു കൊല്ലത്തിന്നകംതന്നെ ഒരാൾക്ക് ഒരായുഷ്ക്കാലംകൊണ്ട് പിടികൂടാവുന്നത്ര കള്ളത്തരങ്ങൾ റായ് പിടികൂടിയിട്ടുണ്ട്.

(i) റായ് ആദ്യം പിടികൂടിയത് ആർക്കും പിടികൂടാവുന്നതും എന്നാൽ ഒരാളും പിടികൂടാൻ ധൈര്യപ്പെടാത്തതുമായ തൊഴിലവകാശ പദ്ധതിയിലെ വെട്ടിപ്പുകളാണ്. പാവങ്ങൾക്ക് കൊല്ലത്തിൽ നൂറു ദിവസമെങ്കിലും തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുവരുത്താനായി ഗവർമ്മേണ്ട് എത്രായിരം കോടി രൂപയാണ് അനുവദിക്കുന്നതെന്നതിന്ന് കണക്കൊന്നുമില്ല. പണ്ട് പാവങ്ങൾക്ക് പണിക്കുപകരം ഭക്ഷ്യധാന്യം നൽകുന്ന ഒരു പദ്ധതിയുണ്ടായിരുന്നു. ഈ ലോകത്തിൽ ജനിക്കുകപോലും ചെയ്യാത്തവരുടെ പേരൊക്കെ തൊഴിൽ പട്ടികയിൽ എഴുതിവച്ച് ധാന്യമെല്ലാം ഗോഡൗണിൽനിന്ന് നേരിട്ടു വിറ്റു കാശാക്കുന്നത് അന്നു പതിവായിരുന്നു. ഇത്തരം വിക്രിയകൾ തടയാൻ ഇപ്പോൾ സോഷ്യൽ ഒഡിറ്റിങ്ങ് തുടങ്ങിയ പല സംവിധാനങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എങ്കിലും കട്ടെടുത്തവന്റെ കൈ വെറുതെയിരിക്കില്ല എന്നാണല്ലൊ ചൊല്ല്. അതുപോലെ തൊഴിലവകാശ പദ്ധതിയിലും പലേടത്തും പല വിക്രിയകളും നടക്കുന്നുണ്ട്. വിനോദ് റായ് ആദ്യം കൈവച്ചത് ഇതിന്മേലാണ്. പദ്ധതിയുടെ നടത്തിപ്പിൽ വരുന്ന ന്യൂനതകൾ ചൂണ്ടിക്കാട്ടുന്നതായിരുന്നു 2008 ലെ ഓഡിറ്റ് റിപ്പോർട്ട്. ഇത് വലിയ കോളിളക്കമൊന്നും ഉണ്ടാക്കിയില്ലെങ്കിലും കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകളെ തട്ടിയുണർത്തി. ചുറ്റും നടക്കുന്ന അഴിമതികൾ ചിലർ ശ്രദ്ധിക്കുന്നുണ്ടെന്നുവന്നാൽതന്നെ ഭരണാധികാരികൾ അൽപം ജാഗ്രത പാലിക്കുമല്ലൊ. അത്രമാത്രമേ ഈ റിപ്പോർട്ടുകൊണ്ട് നേടാനും കഴിഞ്ഞുള്ളൂ.

(ii) അടുത്തകൊല്ലം ഗ്രാമീണ ആരോഗ്യപദ്ധതിയിന്മേലാണ് കംപ്ട്രോളർ കൈവച്ചത്. ഗവർമ്മേണ്ട് ആരുടേയോ നിർദ്ദേശപ്രകാരം "നാഷനൽ റൂറൽ ഹെൽത്ത് മിഷൻ" നടപ്പാക്കിയിരുന്നു. ഗ്രാമീണർക്ക് തൊഴിലും ഭക്ഷണവും നൽകിയാൽ പോരാ, അവരുടെ ആരോഗ്യകാര്യവും ശ്രദ്ധിക്കേണ്ടതുണ്ട്. കൊട്ടും കുരവയുമായി ഈ പദ്ധതിയും കുറെകാലംമുമ്പ് നടപ്പാക്കിയിരുന്നു. ഇതിന്റെ യഥാർത്ഥ സ്ഥിതി അറിയാനുള്ളതായിരുന്നു 2009ലെ ഓഡിറ്റിങ്. യഥാർത്ഥത്തിൽ അല്പം ചില മേഖലകളിൽ മാത്രമേ ഈ പദ്ധതി നടപ്പാക്കിയിട്ടുള്ളൂവെന്നും ജില്ലകളിൽ 70 ശതമാനവും ഇങ്ങനെയൊന്നുള്ളതായി അറിഞ്ഞിട്ടേയില്ലെന്നും കാശില്ലാത്തതാണ് യഥാർത്ഥ പ്രശ്നമെന്നും ഓഡിറ്റിങ്ങിൽ കണ്ടെത്തി. കംപ്ട്രോളറുടെ ഇതുസംബന്ധിച്ച റിപ്പോർട്ട് പുറത്തുവന്നതോടെ കേന്ദ്ര-സംസ്ഥാന ഗവർമ്മേണ്ടുകൾ ജാഗരൂകമായി. കൂടുതൽ പണം അനുവദിച്ചു; നഴ്സുമാരെ നിയമിച്ചു. ഗ്രാമീണർക്ക് ഇത് വലിയൊരു അനുഗ്രഹമായെന്നു പറയേണ്ടതില്ല. മിക്ക ഗ്രാമങ്ങളിലും ഹെൽത്ത് വർക്കർമാർ പ്രവർത്തനമാരംഭിച്ചു. കാര്യം നിസ്സാരമാണെങ്കിലും ഗ്രാമങ്ങളിൽ ഇതുണ്ടാക്കിയ പരിവർത്തനം ചില്ലറയൊന്നുമല്ല.

(iii) 2009 ൽ കംപ്ട്രോളർ അണുവൈദ്യുതിയിൽ കയറിപ്പിടിച്ചു. പ്രഗത്ഭരായ എം.പി.മാർപോലും പരിപാവനമായി

കണക്കാക്കിവരുന്ന ഒന്നാണ് അണുശക്തികാര്യം. പ്രധാനമന്ത്രി തന്റെ കസേര നിലനിർത്തുന്നതുപോലും അണുശക്തിക്കുവേണ്ടിയാണെന്നത് വിഖ്യാതമാണല്ലോ. അതിനാൽ ആരും ആ വശത്തേക്കൊന്നു തിരിഞ്ഞു നോക്കുകപോലും ചെയ്യാറില്ല. പരിപാവനമായി കരുതപ്പെടുന്ന ആ മേഖലയിലേക്കാണ് 2009 ൽ കംപ്ട്രോളർ കയറിച്ചെന്നത്. റായ് നടത്തിയ അന്വേഷണത്തിൽ ഒരുകാര്യം വ്യക്തമായി. അണുവൈദ്യുതിയുൽപാദനത്തിന്ന് ലഭ്യമായ ഇന്ധനത്തിൽ ഒരു ഭാഗം മാത്രമേ അണുശക്തി വകുപ്പ് ഉപയോഗപ്പെടുത്തുന്നുള്ളൂ. അതിനാൽ അണുവൈദ്യുതോല്പാദനം കഴിഞ്ഞ അഞ്ചുകൊല്ലത്തിന്നിടയിൽ അമ്പതു ശതമാനം മാത്രമായി കുറഞ്ഞു. അതായത്, ലാഭചേത കണക്കിന്റെ അടിസ്ഥാനത്തിൽ പറഞ്ഞാൽ ഇന്ത്യക്ക് ഏതാണ്ട് ആറായിരം കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്.

കംപ്ട്രോളറുടെ ഈ റിപ്പോർട്ട് ഗവർമ്മേണ്ടിനെ ബാധിച്ചതായി കാണുന്നില്ല. പ്രധാനമന്ത്രി കുറച്ചുകാലം മുമ്പ് അമേരിക്കയുമായി ഒരു കരാറുണ്ടാക്കിയിട്ടുണ്ടല്ലോ. അത് ഫലപ്രദമാകുമെന്നും അപ്പോൾ അമേരിക്കയിൽനിന്ന് കുലകുലയായി ഇന്ധനവും മറ്റും കിട്ടുമെന്നുമുള്ള വിശ്വാസത്തിലാണ് ഗവർമ്മേണ്ട് ഇപ്പോഴും കഴിയുന്നത്. ദൈവത്തിന്നു മാത്രമേ ഇക്കാര്യത്തിൽ ഇന്ത്യയെ രക്ഷിക്കാൻ കഴിയൂ എന്നർത്ഥം.

(iv) ഇനിയുള്ളതെല്ലാം സമീപകാല സംഭവങ്ങളാണ്. ഗവർമ്മേണ്ടോ മറ്റാരെങ്കിലുമോ വിളിച്ചാൽ കയറിവന്ന് ഓഡിറ്റിങ് നടത്തുന്ന ഒരു സ്ഥാപനമല്ല കംപ്ട്രോളറുടേത്. എങ്കിലും കോമൺവെൽത്ത് ഗെയിംസിനെക്കുറിച്ചുള്ള ആരോപണങ്ങൾക്കൊണ്ട് പൊറുതിമുട്ടിയ ഗവർമ്മേണ്ട് അഭ്യർത്ഥിച്ചപ്പോൾ കംപ്ട്രോളർ ഒരു ഓഡിറ്റ് നടത്തികൊടുത്തു. അതുപോലും ഗെയിംസ് ആരംഭിക്കുന്നതിന്ന് ഒരു കൊല്ലം മുമ്പായിരുന്നു. കംപ്ട്രോളറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പലരേയും അറസ്റ്റ് ചെയ്തു. ആ കേസുകളുടെ വിചാരണ നടന്നുകൊണ്ടിരിക്കുകയാണിപ്പോൾ. കംപ്ട്രോളറുടെ റിപ്പോർട്ട് ഇനിയും പാർലിമെന്റിൽ വച്ചിട്ടില്ല. അതിനാൽ വിശദാംശങ്ങൾ അറിയാൻ മാർഗ്ഗവുമില്ല.

(V) ദേശരക്ഷാവകുപ്പ് മറ്റൊരു "പാവനപശു"വാണല്ലോ. അവിടെ എന്തു നടക്കുന്നുവെന്നറിയാൻ മാർഗ്ഗമൊന്നുമില്ല. സി.ബി.ഐ. ചില അന്വേഷണങ്ങൾ നടത്തുന്നുണ്ട്. അതിന്നപ്പുറം കംപ്ട്രോളറുടെ ചില പരിശോധനകൾ നടന്നതിൽ ഒട്ടേറെ ക്രമക്കേടുകൾ കണ്ടെത്തി. സൈന്യത്തിന്നു വേണ്ട ആയുധങ്ങളും മറ്റും വാങ്ങുന്നതിലാണ് ക്രമക്കേട്. സൈന്യത്തിൽനിന്ന് റിട്ടയർ ചെയ്യുന്നവർതന്നെ ഇടനിലക്കാരായി എത്തുമ്പോൾ അഴിമതികൾക്കുള്ള സൗകര്യം അസംഖ്യമാണ്. പരിശോധനക്ക് വിധേയമാക്കിയ ഭാഗങ്ങളിൽതന്നെ പതിനായിരം കോടി രൂപയുടെ അഴിമതി നടന്നിരിക്കണമെന്ന് കംപ്ട്രോളർ ഊഹിക്കുന്നു. ഇതിന്നു പരിഹാരമായി കംപ്ട്രോളർ ഉന്നയിച്ച നിർദ്ദേശങ്ങളിൽ ഏതാണ്ടെല്ലാംതന്നെ ദേശരക്ഷാ വകുപ്പ് നടപ്പാക്കിയിട്ടുണ്ട്. എങ്കിലും അഴിമതി പൂത്തുലയുന്ന ഒരു മേഖലയാണിത്.

(vi) റഷ്യയിൽ നിന്ന് ഒരു സെക്കൻഡ് ഹാൻഡ് വിമാനവാഹിനി കപ്പൽ വാങ്ങാൻ തീരുമാനിച്ചിട്ടിപ്പോൾ കൊല്ലം ഏതാണ്ട് അമ്പതായി. ഓരോ റൗണ്ട് ചർച്ച കഴിയുന്തോറും വില 10,000 കോടി കണ്ട് വർധിക്കും. ഇതിങ്ങനെ വിട്ടാൽ പറ്റില്ലെന്ന് കംപ്ട്രോളർ പറയുന്നു.



(vii) ഇന്ത്യയിൽ നടന്നിട്ടുള്ളതിൽ വച്ചേറ്റവും വലിയ അഴിമതിയാണ് 2ജി സ്പെക്ട്രം അഴിമതി. പ്രധാനമന്ത്രി മൻമോഹൻസിങ് ഏറ്റവും വലിയ ഗതികേടിൽ പെട്ടിരിക്കുകയാണെന്നും ഡി.എം.കെ. എന്തുചെയ്താലും അനുഭവിക്കുക മാത്രമേ അദ്ദേഹത്തിന്ന് പോംവഴിയായുള്ളൂവെന്നുമുള്ള ഡി.എം.കെ.യുടെ ഉത്തമവിശ്വാസമാണ് ഇതിനെല്ലാം ആധാരം. അമേരിക്കയുമായി ഏർപ്പെട്ടിട്ടുള്ള അണുശക്തി കരാറാണ് ഇതിനെല്ലാം അടിസ്ഥാനം. പോരാ, ഇന്ത്യയുടെ ധനകാര്യമന്ത്രിസ്ഥാനത്തേക്ക് തന്നെ നിയോഗിച്ച ലോകബാങ്കിന്റെ കഴിവുകളെക്കുറിച്ചുള്ള മതിപ്പും ഇതിന്നാധാരമായിട്ടുണ്ട്.

ആരുമല്ലാത്ത ഒരാളെ ഇന്ത്യയുടെ ധനകാര്യമന്ത്രിയായി നിയോഗിച്ചപ്പോഴോ, ഇന്ത്യയുടെ ഭരണഘടനയെത്തന്നെ ചവിട്ടി മെതിച്ചുകൊണ്ടുള്ള സാമ്പത്തിക നയങ്ങൾ നടപ്പാക്കിയപ്പോഴോ ഒന്നു കുരക്കാനുള്ള ധർമ്മധീരതപോലും ഇവിടെ ആരും പ്രകടിപ്പിച്ചില്ല. ഇന്ത്യക്കാർക്ക് അധികാരത്തോടുള്ള ആർത്തി എത്ര ഭയങ്കരമാണെന്ന് ബി. ജെ.പി.യുടെ ഭരണകാലത്തെ സംഭവങ്ങൾ വ്യക്തമാക്കി. അതിന്നു ശേഷവും ഇന്ത്യയുടെ യശസ്സു വീണ്ടെടുക്കാൻ കോൺഗ്രസ്സിന്ന് ഒരവസരം കിട്ടിയപ്പോഴും, ഒരു പഞ്ചായത്ത് തിരഞ്ഞെടുപ്പിൽ പോലും മത്സരിച്ചിട്ടില്ലാത്ത ഒരാളെ പ്രധാനമന്ത്രിയാക്കാനുള്ള വങ്കത്തമാണ് കോൺഗ്രസ്സുകാർ കാണിച്ചത്. പ്രധാനമന്ത്രി മൻമോഹൻസിങ് ജനാഭിലാഷത്തിനെല്ലാം വിരുദ്ധമായി അമേരിക്കയുമായി ധാരണയുണ്ടാക്കിയപ്പോൾ, അരുത് എന്നു പറയാനുള്ള ധർമ്മധീരതയല്ല, നാല് കെട്ട് നോട്ടുകൊണ്ട് പിൻതുണ ഉറപ്പാക്കാനാണ് കോൺഗ്രസ് മുതിർന്നത്. ആ അധഃപതനം ഭീകരമായിരുന്നു.

പിന്നീട് നടന്ന തിരഞ്ഞെടുപ്പിൽ ഡി.എം.കെ. പോലെയുള്ള അവസരവാദ പാർട്ടികളുടെ പിൻബലത്തിലൂടെയാണ് കോൺഗ്രസ്സ് അധികാരത്തിലെത്തിയത്. ആദർശം, പ്രത്യയശാസ്ത്രം എന്നൊക്കെ പറഞ്ഞാൽ എന്താണെന്ന് സോണിയാഗാന്ധിയെപ്പോലുള്ള ഒരാൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ലെങ്കിൽ, നമുക്കത് മനസ്സിലാക്കാം. എന്നാൽ കോൺഗ്രസ്സിൽ ഒരു ജീവിക്കും ഇതൊന്നും അറിയില്ലെന്ന് വന്നാൽ, അതിന്റെ ഫലം രാജ്യത്തിന്ന് അനുഭവിക്കേണ്ടിവരികതന്നെ ചെയ്യും.

2009 ലെ കേന്ദ്ര മന്ത്രിസഭാ രൂപീകരണ സർക്കസ് ആരെങ്കിലും ഓർക്കുന്നുണ്ടോ? മന്ത്രിസഭയിൽ ഏതാണ്ട് പകുതിയോളം തമിഴ് നാട്ടുകാരായിരുന്നു. അതുകൊണ്ട് അപകടമില്ല. തങ്ങൾക്ക് വേണ്ടുന്ന വകുപ്പുകൾ ഏതെല്ലാമാണെന്നു നിശ്ചയിച്ചിരുന്നതും തമിഴ് നാട്ടുകാരായിരുന്നു. തീർന്നില്ല. രാമേശ്വരത്തുകൂടി ഒരു കപ്പൽ ചാൽ നിർമ്മിക്കാൻ സമ്മതിപ്പിച്ചതും, അതിന്നായി ഒരു കമ്പനിതന്നെ രൂപീകരിച്ചതും, ആ കമ്പനിക്കുവേണ്ടി 3000 കോടി രൂപയോ മറ്റോ അനുവദിപ്പിച്ചതും ഡി.എം.കെ.യായിരുന്നു. കോൺഗ്രസ്സിന്റെ ഗതികേട്!

തനിക്ക് പ്രധാനമന്ത്രി പദവിയിൽ ഇരിക്കണമെന്നതിന്നപ്പുറം ഒരു കാര്യത്തിലും നിർബ്ബന്ധ ബുദ്ധിയില്ലെന്നും അതിന്നായി എന്തു വിട്ടുവീഴ്ച ചെയ്യാനും താൻ ഒരുക്കമാണെന്നും ഡോ. മൻമോഹൻ സിങ് അന്നു തെളിയിച്ചു. ഈ നിർബന്ധ ബുദ്ധിയും വിട്ടുവീഴ്ചാ മനോഭാവവുമാണ് ലോകത്തിലെ ഏറ്റവും വലിയ അഴിമതിക്ക് വഴിതെളിയിച്ചത്. ഈ 2ജി ഇടപാടിൽ ഇന്ത്യക്ക് 176000 കോടി രൂപ നഷ്ടം വന്നു എന്ന കംപ്ട്രോളറുടെ ഊഹം ഒരു മതിപ്പു കണക്കുമാത്രമാണ്. യഥാർത്ഥം എന്താണെന്ന് പിന്നീടേ അറിയൂ. ❏

# ഒരു പാക് പത്രപ്രവർത്തകന്റെ ദാരുണമായ അന്ത്യം

- അനിത ജോഷ -

"ധാരാളം പണമിറക്കി നടത്തുന്ന ഒരു അന്താരാഷ്ട്ര മാധ്യമത്തിലും ഞാനൊരിക്കലും പ്രവർത്തിച്ചിട്ടില്ല. അതുപോലെത്തന്നെ എന്റെ ദേശീയ പ്രവർത്തനമെല്ലാം ബദൽ മാധ്യമങ്ങളിലായിരുന്നു. അതിനാൽതന്നെ എനിക്കേറെ പരിമിതികളുണ്ടായിരുന്നു. രാഷ്ട്രീയ നഭോമണ്ഡലത്തിൽ തിളങ്ങിനിൽക്കുന്നവരിലേറേയും മുഖ്യധാരാ മാധ്യമങ്ങളെയാണ് ആശ്രയിച്ചിരുന്നത്. ഇവർ തങ്ങളുടെ രാഷ്ട്രീയ പ്രചരണങ്ങൾക്ക് നല്ല പണക്കൊഴുപ്പുള്ള മാധ്യമങ്ങളെ തിരഞ്ഞെടുക്കുന്നു. ബദൽമാധ്യമങ്ങളിലെ പ്രവർത്തകർക്ക് മുഖ്യധാരാ മാധ്യമങ്ങളിലെ പ്രവർത്തകർക്ക് വേണ്ടിവരുന്നതിന്റെ ഇരട്ടി അധ്വാനംകൊണ്ടേ രാഷ്ട്രീയക്കാരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ കഴിയൂ." - ഈയിടെ ഭീകരമായ ദണ്ഡനങ്ങൾ സഹിച്ച് അപമൃത്യുവിന്നിരയായ പാക് പത്രപ്രവർത്തകനായ സയ്യദ് സലിം ഷാസാദ് "അൽഖെയ്ദക്കകത്ത്" എന്ന തന്റെ കൃതിക്കെഴുതിയ മുഖവുരയിലെ ഒരു ഭാഗമാണിത്. ഷാസാദിനെ തല്ലി കൊന്നതിന്റെ പത്തു ദിവസം മുമ്പാണ് ഈ കൃതി പ്രസിദ്ധീകരിക്കപ്പെട്ടത്.



സയ്യദ് സലിം ഷാസാദ്

ഹോങ് കോങ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന "ഏഷ്യാ ടൈംസ് ഓൺലൈൻ" എന്ന മാധ്യമത്തിന്റെ പാക് ബ്യൂറോ തലവനായിരുന്ന ഷാസാദിന്റെ മരണം പാക് പത്രലോകത്തെ തന്നെ കീഴ്മേൽ മറിച്ചു. ദണ്ഡന മേറ്റ് വാരിയെല്ലുകളെല്ലാം ഒടിഞ്ഞ നിലയിലുള്ള ഷാസാദിന്റെ മൃതദേഹം മേയ് 31ന്നാണ് ഒരു കനാലിൽ കണ്ടെത്തിയത്. കഴിഞ്ഞ പത്തു കൊല്ലത്തിന്നിടയിൽ ഇതുപോലെ എഴുപതിൽപരം മൃതദേഹങ്ങൾ പാക്കിസ്ഥാനിൽ കണ്ടെത്തിയിരുന്നു. ഷാസാദിന്റെ മരണത്തിന്നു ശേഷമുള്ള രണ്ടാഴ്ചക്കിടയിൽ മൂന്നു പാക് പത്രപ്രവർത്തകർ കൊല്ലപ്പെട്ടിട്ടുണ്ട്. ഈ പത്രപ്രവർത്തകരിൽ ചിലരൊക്കെ കർമ്മരംഗത്തുവച്ച് കൊല്ലപ്പെട്ടവരാണെങ്കിൽ, മറ്റുള്ളവരെല്ലാം പ്രതികാരാഗ്നിക്കിരയായവരാണ്. എന്നാൽ ഷാസാദിന്റെ വധം പാക് പത്രലോകത്തെ അടിമുടി പടിച്ചുകുലുക്കി. പത്രലോകത്തിന്റെ നേരെ നടക്കുന്ന അതിക്രമങ്ങളിൽ പ്രതിഷേധിച്ചുകൊണ്ട് പ്രകടനങ്ങളും പൊതുയോഗങ്ങളും മറ്റും സാധാരണയാണെങ്കിലും പത്രലോകത്തിലെ പ്രമാണിമാരൊന്നും അവയിൽ പങ്കെടുക്കാറില്ല. എന്നാൽ ഷാസാദിന്റെ വധത്തിൽ പ്രതിഷേധിച്ചു നടത്തിയ പ്രകടനങ്ങളിലും യോഗങ്ങളിലും ഈ പ്രമാണിമാരും സാധാരണ പത്രപ്രവർത്തകരോടൊപ്പം അണിനിര ➡

ന്നു. മാത്രമല്ല, ഇത്തരം ഹീനകൃത്യങ്ങളിൽ ഐ.എസ്.ഐ. എന്ന പാക് സൈനിക രഹസ്യാന്വേഷണ സംഘടനക്കുള്ള പങ്കിനേയും അത് തുറന്ന് ചോദ്യം ചെയ്തു.

ഷാസാദിന്റെ വധം മറ്റുവല്ലപ്പോഴുമായിരുന്നുവെങ്കിൽ, ഈ പ്രമാണിമാരൊന്നും ഐ.എസ്.ഐ. യെ ചോദ്യം ചെയ്യുമായിരുന്നില്ല. എന്നാൽ പാക്കിസ്താനെ അളവറ്റ തോതിൽ നാണം കെടുത്തിയ ഒരു മാസത്തിന്റെ അവസാനത്തിലായിരുന്നു ഷാസാദിന്റെ വധം. പാക് തലസ്ഥാന നഗരിയോട് ചേർന്നു കിടക്കുന്ന ആബട്ടാബാദിൽ നുഴഞ്ഞു കയറി ഒസാമ ബിൻ ലാദനെ വധിക്കുകയും പാക് വാണിജ്യ തലസ്ഥാനത്തോട് ചേർന്നു കിടക്കുന്ന പാക് നാവികത്താവളത്തിൽ ഭീകരൻ നുഴഞ്ഞുകയറി പാക് അധികൃതരെ 17 മണിക്കൂർ നേരെത്തേക്ക് വിറപ്പിച്ചു കളയുകയും ചെയ്തതിന്റെയെല്ലാംപിന്നാലെയാണ് ഷാസാദിന്റെ വധം നടന്നത് എന്നതാണ് പാക് പത്രലോകത്തെയാകെ നാണം കെടുത്തിയത്. മുഖ്യധാരാ പത്രങ്ങൾ ഇതിന്റെയെല്ലാം പിന്നിൽ പതിവുപോലെ വിദേശ ഗൂഢാലോചനകൾ കണ്ടെത്തി. അപൂർവ്വം ചില പത്രങ്ങളേ ഇതെല്ലാം സ്വയം കൃതാനർത്ഥങ്ങളാണെന്ന് തുറന്നെഴുതിയുള്ളൂ. പ്രസിദ്ധ കോളംനിസ്റ്റായ ആയാസ് അമീർ ഇങ്ങനെ എഴുതി. പാക്കിസ്താന്റെ ദേശീയമതം ഇന്ന് ഇസ്ലാമല്ല; നിഷേധിക്കലാണ്; പാക്കിസ്താന്റെ ദേശീയ ചിഹ്നമാകേണ്ടതു ഒട്ടകപക്ഷിയാണ്; ചുറ്റുമുള്ള യാഥാർത്ഥ്യങ്ങൾ കാണാൻ കൂട്ടാക്കാതെ മണലിൽ തലപൂഴ്ത്തുന്ന ഒട്ടകപക്ഷി.

ഷാസാദ് ഇതിനെല്ലാം മാറ്റം വരുത്തി. ഭീകര ശൃംഖലകളുമായി ഷാസാദിന്ന് അടുത്ത ബന്ധമുണ്ടായിരുന്നു. അതിന്റെ ഉള്ളറകളെല്ലാം അദ്ദേഹത്തിന്ന് സുപരിചിതമായിരുന്നു. അതുപോലെ പാക് രഹസ്യാന്വേഷണ ഏജൻസികളുമായി അദ്ദേഹത്തിന്ന് അടുത്ത ബന്ധവുമുണ്ടായിരുന്നു. എന്നിട്ടുമെന്തേ ഇങ്ങനെ സംഭവിച്ചത്? ഷാസാദ് ഏതോ ലക്ഷ്മണ രേഖ! അത് ലംഘിച്ചുവെന്നുവേണം കരുതാൻ. ഏതാണീ ലക്ഷ്മണരേഖ! ആരാണത് നിശ്ചയിച്ചത്? അതൊരിക്കലും അറിയാനാകില്ല. ഒരു കാര്യം വ്യക്തം പാക്കിസ്താനിൽ പട്ടാളത്തെ കയ്യിലെടുത്താലും സുരക്ഷിതത്വത്തിന്ന് അതൊന്നും ഉറപ്പാകില്ല. ❑

# ലോകപാൽ ബില്ലിന്റെ വ്യാപ്തി കുറക്കുന്നതാണ് നല്ലത്

- അരുൺ കുമാർ -

ലോകപാൽ ബിൽ വീണ്ടും വാർത്താ പ്രാധാന്യം നേടിയിരിക്കുന്നു.

സർക്കാർ പ്രതിനിധികളും പൗരസമൂഹ പ്രതിനിധികളും തമ്മിലാണ് പ്രധാനമായും അഭിപ്രായ വ്യത്യാസമുള്ളത്. അതിൽതന്നെ പ്രധാനമായത് പ്രധാനമന്ത്രിയെ ബില്ലിന്റെ പരിധിയിൽ കൊണ്ടുവരണമോ എന്നതു സംബന്ധിച്ചുള്ളതാണ്. അതുപോലെ ഉന്നത തലങ്ങളിലുള്ള ജഡ്ജിമാരുടെ കാര്യവും തർക്ക വിഷയമാണ്.

ലോകപാൽ എന്ന നിർദ്ദേശം ഉയർന്നു വന്നിട്ടിപ്പോൾ കൊല്ലം 42 ആയെന്ന് ഓർക്കണം. അഴിമതികൾക്കെല്ലാം അറുതിവരുത്താവുന്ന മാന്ത്രിക കോലാണ് ഈ ബില്ലെ

ങ്കിൽ, അത് തീർച്ചയായും അടിയന്തിരമായി നടപ്പാക്കേണ്ടതാണ്. എന്നാൽ ലോകപാൽ ബില്ലിനെ അനുകൂലിക്കുന്നവർതന്നെ പറയുന്നത് അഴിമതി വളർത്തുന്ന നിക്ഷിപ്ത താല്പര്യക്കാരെ നിയന്ത്രിക്കാൻ മാത്രമേ ഈ ബിൽ ഉപകരിക്കൂ എന്നാണ്. ഇതൊരു സർവ്വരോഗ സംഹാരിയൊന്നുമല്ലെന്ന് അവർ പറയുന്നു.

ഇന്നത്തെ അഴിമതി സംവിധാനത്തിന്നെതിരായ കാവൽനായയാണ് ലോകപാൽ. ഇപ്പോൾതന്നെ അനേകം കാവൽ നായ്ക്കൾ സമൂഹത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം നമുക്ക് നൽകിയിട്ടുള്ള അനുഭവ പാഠങ്ങൾ എന്തെല്ലാമാണ്? വിവിധ അന്വേഷണ ഏജൻസികളുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിന്നായി ഒരു സെൻട്രൽ വിജിലൻസ് കമ്മീഷനുണ്ട്. പക്ഷെ പൊതുവെ പറഞ്ഞാൽ അത് നിഷ്ഫലമാണെന്നാണ് അനുഭവ പാഠം. നീതിപൂർവ്വം തിരഞ്ഞെടുപ്പു നടത്താൻ നമുക്കൊരു എലക്ഷൻ കമ്മീഷനുണ്ട്. എന്നാൽ നമ്മുടെ രാഷ്ട്രീയ സംവിധാനം കാലം കഴിയുംതോറും അഴിമതിയിൽ ആണ്ടുപോകുകയാണ്. നിയമനിർമ്മാണസഭകൾ ജനങ്ങളോട് ഉത്തരവാദപ്പെട്ടതായിരിക്കുമെന്നാണ് സങ്കല്പം. എന്നാൽ സമൂഹത്തിൽ ക്രിമിനലുകൾ പെരുകുകയും പണച്ചാക്കുകൾ നിയമ സഭകളിൽ കയറിപ്പറ്റുകയും ചെയ്യുന്നു. കോടതികൾ നീതിന്യായം നടപ്പാക്കുമെന്നാണ് സങ്കല്പം. എന്നാൽ വിവിധ തലങ്ങളിലുള്ള ജഡ്ജിമാർ അഴിമതിക്കാരായി മാറുന്നതായി കാണുന്നു. ഇതെല്ലാം ഉന്നത തലങ്ങളിലുള്ള കാവൽ നായ്ക്കളുടെ കാര്യമാണ്. രഹസ്യാന്വേഷണ ഏജൻസികൾ മലിനീകരണ നിയന്ത്രണ ബോർഡ് പോലുള്ള വിവിധ നിയന്ത്രണ സംവിധാനങ്ങൾ തുടങ്ങിയ കീഴ്ത്തലങ്ങളിലുള്ള കാവൽ നായക്കൾ വേറേയുമുണ്ട്. ഇവയും അഴിമതിയിൽ ആണ്ടുപോകുന്നു. അപ്പോൾ എല്ലാം തികഞ്ഞൊരു ലോകപാലുണ്ടാകുമെന്ന് പ്രതീക്ഷിക്കാനാകുമോ?

സമൂഹത്തിൽ ഇന്ന് നിയമവിരുദ്ധ പ്രവർത്തനങ്ങൾ സാർവ്വത്രികമാണ്. ജീവിതത്തിന്റെ എല്ലാ സാമൂഹ്യ-രാഷ്ട്രീയ-സാമ്പത്തിക മേഖലകളേയും അത് ഗ്രസിച്ചുകൊണ്ടിരിക്കുന്നു. നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെല്ലാം തടയിടുക എന്നതാണ് ഇന്നത്തെ അടിയന്തര പ്രശ്നം. അതിനാൽ ലോകപാൽ ഒരു സർവ്വരോഗ സംഹാരിയല്ലെങ്കിൽതന്നെ അഴിമതിക്കെതിരായ ഏറ്റവും പ്രധാനപ്പെട്ട കാൽവെപ്പായിരിക്കും അത്. കള്ളപ്പണത്തെക്കുറിച്ചും അതുമായി ബന്ധപ്പെട്ട നിയമ വിരുദ്ധ പ്രർത്തനങ്ങളെകകുറിച്ചും ഭരണകൂടത്തിന്ന് അറിവില്ലായ്മയല്ല. ഈ വക കാര്യങ്ങളെക്കുറിച്ചന്വേഷിക്കാൻ 1950 കൾ മുതൽതന്നെ ഒട്ടേറെ കമ്മിറ്റികളേയും കമ്മീഷനുകളേയും നിയോഗിച്ചിരുന്നു. ഇവയെല്ലാം കനപ്പെട്ട റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുമുണ്ട്. 1950 ലെ കൽഡോർ റിപ്പോർട്ട് 1964 ലെ സന്താനം കമ്മിറ്റി റിപ്പോർട്ട് 1971 ലെ വാഞ്ചുകമ്മിറ്റി റിപ്പോർട്ട്, 1979 ലെ NIPFP റിപ്പോർട്ട് 2002 ലെ കേൽക്കർ കമ്മിറ്റി റിപ്പോർട്ട് എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ്. എസ്റ്റിമേറ്റ് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ, കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടുകൾ, പബ്ലിക് എക്കൗണ്ട്സ് കമ്മിറ്റികളുടെ റിപ്പോർട്ടുകൾ എന്നിവ വേറേയുമുണ്ട്.

ഇവയിൽ ആയിരക്കണക്കിന്നു ശുപാർശകളുണ്ട്. അവയിൽ നൂറുകണക്കിന്നു ശുപാർശകൾ നടപ്പാക്കിയിട്ടുമുണ്ട്. ആദായ നികുതി നിരക്കുകൾ കുറക്കുക, പലവിധ നിയന്ത്രണങ്ങളും ഉപേക്ഷിക്കുക, വിദേശ നാണയ നിയന്ത്രണം നീക്കുക, ലൈസൻസ് രീതി നിർത്തലാക്കുക, വ്യാപാര നിയന്ത്രണം അവസാനിപ്പിക്കുക തുടങ്ങിയവ ഇതിൽ പ്രധാനമായിരുന്നു.

1971 ൽ ആദായ നികുതി 97.5 ശതമാനംവരെയുണ്ടായിരുന്നു. ഇന്ന് അത് 30 ശതമാനം മാത്രമാണ് കുത്തക വ്യാപാര നിയന്ത്രണവും നീക്കിയിട്ടുണ്ട്. വിദേശ നാണയ നിയന്ത്രണം നീക്കി കറൻസിയുടെ വിലയിടിച്ചു, സ്വയം ആദായ നികുതി വെളിപ്പെടുത്തുന്നവർക്ക് ഇന്നു ശിക്ഷയില്ല; കടപത്രങ്ങൾ ഇറക്കാം, വിലകുറച്ചു കാണിക്കുന്ന സ്വത്തുക്കൾ പിടിച്ചെടുക്കാം. ഇങ്ങനെ പലതും ചെയ്തിട്ടും കള്ളപ്പണം വർധിച്ചുകൊണ്ടേയിരിക്കുന്നു.

അഴിമതിക്കെതിരായി പല പ്രസ്ഥാനങ്ങളും വളർന്നുവരികയുണ്ടായി. 1972 ൽ ഗുജറാത്തിൽ രൂപംകൊണ്ട നവനിർമ്മാണ പ്രസ്ഥാനം ഒരു ഉദാഹരണം. നിയമം പരിഷ്ക്കരിച്ചു നോക്കി വിവരാവകാശ നിയമം ഉദാഹരണം. ഇവയോടനുബന്ധിച്ച് അഴിമതി നിവാരണ ശ്രമങ്ങളും നടത്തി. എന്നാൽ നിക്ഷിപ്ത താല്പര്യക്കാർ ഇതിനെയെല്ലാം പരാജയപ്പെടുത്തുകയാണ് ചെയ്തത്. ഇതൊക്കെ കണ്ട് ജനങ്ങൾക്ക് മനം മടുത്തിരിക്കുകയാണ്. ഒന്നും ശരിയാവില്ല എന്നുവരെ അവർ ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു. എന്നിട്ടും അവർ ഇടക്കെല്ലാം രചനാത്മകമായി പ്രവർത്തിക്കുന്നുണ്ട്.

അട്ടിമറിക്കാൻ കഴിയാത്ത എല്ലാം തികഞ്ഞൊരു നിയമനിർമ്മാണം നടത്താൻ കഴിയുമോ? അങ്ങനെയൊന്ന് സാധ്യമല്ല. ഇന്ത്യൻ ഭരണഘടനയെ അന്യൂനമെന്ന് പറഞ്ഞ് പ്രശംസിക്കാറുണ്ട്. എന്നിട്ടും അത് വീണ്ടും വീണ്ടും ഭേദഗതി ചെയ്യേണ്ടിവരുന്നു. ഒരു നിയമവും വിഭാവനം ചെയ്തതുപോലെ ആകാറില്ല. ഏട്ടിലെ പശു പുല്ലു തിന്നില്ല. ഏതു നിയമത്തിലും പഴുതുകൾ കണ്ടെത്താനുള്ള കഴിവു മനുഷ്യന്റെ ബുദ്ധിശക്തിക്കുണ്ട്. ലോകപാൽ ബില്ലിന്നും അതേ ഗതി വരില്ലേ?

മനഃപൂർവ്വം വണ്ടിച്ചെക്ക് എഴുതിക്കൊടുക്കുന്നവരെ ശിക്ഷിക്കാനുണ്ടാക്കിയ നിയമത്തിന്റെ കാര്യം നോക്കൂ. അല്ലെങ്കിൽ ഒരു ഭൂമി ഒരു നിശ്ചിത കാലത്തേക്ക് പാട്ടത്തിന്നു നൽകുകയും, കാലാവധി വന്നിട്ടും ഭൂമി തിരിച്ചു തരാൻ വിസമ്മതിക്കുകയും ചെയ്യുന്നവരെ ശിക്ഷിക്കാനുണ്ടാക്കിയ നിയമത്തിന്റെ കഥ നോക്കൂ. ഇത്തരത്തിലുള്ള ലക്ഷക്കണക്കിന്നു കേസുകൾ കോടതികളിൽ കെട്ടിക്കിടക്കുകയാണിപ്പോൾ. കാരണം? കോടതി കയ

കള്ളപ്പണം തടയാനുള്ള ശ്രമങ്ങളേയും അഴിമതിയില്ലാതാക്കാനുള്ള നടപടികളേയും അട്ടിമറിക്കുന്നത് അഴിമതിക്കാരായ രാഷ്ട്രീയ നേതാക്കളും ബിസിനസ്സുകാരും മന്ത്രിമാരുമടങ്ങിയ ഒരു മൂക്കൂട്ടു സംഘമാണ്. കള്ളപ്പണ സമ്പദ് വ്യവസ്ഥയിൽനിന്ന് ഈ മുക്കൂട്ട് സംഘത്തിന്ന് ഭീമമായ സമ്പാദ്യമുണ്ടാക്കാൻ കഴിയുന്നുണ്ടെന്നതിനാൽ ഈ കള്ളപ്പണ സമ്പദ് വ്യവസ്ഥക്ക് ഒരറുതി വരുത്താൻ ഇവർക്കാർക്കും താല്പര്യമില്ല.

റിയാൽ ഒരായുഷ്ക്കാലം കഴിഞ്ഞാലും അന്തിമ വിധി വരില്ല. തിരുമാലികൾക്ക് നിയമംകൊണ്ട് കളിക്കാം; സത്യസന്ധരായവർക്ക് അവരുടെ പിന്നാലെ നടക്കാനേ കഴിയൂ. കാരണം, ജഡ്ജിമാർക്ക് ഉത്തരവാദിത്വ ബോധമില്ല. കേസ് നീണ്ടു പോയാലും ജഡ്ജിമാർക്ക് ഒരാളോടും സമാധാനം പറയേണ്ടതില്ല. കേസ് നീളുന്നതു മൂലം കഷ്ടപ്പെടുന്നവർക്ക് മിണ്ടാൻ പോലും സാധ്യമല്ല. ജഡ്ജിമാർക്ക് അഹിതകരമായി വല്ലതും പറഞ്ഞാൽ അതുതന്നെ മാരണമായി ത്തീരും.

ഭരണ സംവിധാനത്തിൽ ഉത്തരവാദിത്വബോധം ഉണ്ടാക്കാൻ എന്താണൊരു മാർഗ്ഗം? ജഡ്ജിമാർക്ക് സ്വന്തം മനസ്സാക്ഷിയോടോ മേൽതട്ടിലുള്ള കോടതിയോടോ മാത്രമാണ് ഉത്തരവാദിത്വം. ആർത്തിയും ധർമ്മബോധത്തിന്റെ ക്ഷയവും മൂലം സത്യസന്ധരായ ജഡ്ജിമാർ ഇന്നൊരപൂർവ്വ വസ്തുവായി തീർന്നിരിക്കുന്നു. ജഡ്ജിമാർക്ക് ഇന്ന് സുപ്രീം കോടതിയെ മാത്രമേ പേടിയുള്ളൂ എന്നായിട്ടുണ്ട്.

പ്രധാനമന്ത്രിയും ചീഫ് ജസ്റ്റീസും സത്യസന്ധത പാലിക്കുന്നപക്ഷം, ഭരണ സംവിധാനത്തിന്റെ അടിത്തട്ടുവരെ അത് വ്യാപിക്കും. നേരെമറിച്ച് പ്രധാനമന്ത്രി അല്ലെങ്കിൽ ചീഫ് ജസ്റ്റീസ് സത്യസന്ധത പാലിക്കുകയും ഭരണം നിരുത്തരവാദപരമായി നടത്തുകയുമാണെങ്കിൽ നിരുത്തരവാദപരമായ ഭരണം അടിത്തട്ടുവരെ വ്യാപിക്കുകയും അഴിമതി വളരുകയും ചെയ്യും. ഉന്നതതലങ്ങളിലെ തോന്നിവാസങ്ങളുടെ വിവരമെല്ലാം രഹസ്യാന്വേഷണ ഏജൻസികളുടെ പക്കലുണ്ടാകും. എന്നാൽ അവർ മേൽനടപടികളൊന്നും എടുക്കില്ല. ലോകപാലിന്റെ പരിധിയിൽ പ്രധാനമന്ത്രിയും ചീഫ് ജസ്റ്റീസും വന്നാൽ അത്തരം നിഷ്ക്രിയത്വം സാധ്യമല്ലാതെ വരും.

എന്നാൽ രാഷ്ട്രീയ പ്രക്രിയയിൽ ഉത്തരവാദിത്വ ബോധമുണ്ടാക്കാൻ ഇതിനൊക്കെ സാധിക്കുമോ? തിരഞ്ഞെടുപ്പിന്നു പോലും സാധ്യമാകാത്തതാണ് അതെന്ന് ഓർക്കുക. മറ്റു വ്യവസ്ഥാപിത സ്ഥാപനങ്ങളും വിവാദത്തിന്റെ ചുഴിയിൽ പെട്ടിട്ടുണ്ട്. ലോകപാലിന്നും അതേ ഗതി വന്നേക്കും. അഴിമതി ഒരു പകർച്ച വ്യാധി പോലെ സാർവ്വത്രികമായിരിക്കുമ്പോൾ ലോകപാലിന്റെ പ്രവർത്തനത്തിന് സത്യസന്ധരായവരെ എവിടെനിന്നു കിട്ടും? അതു പോകട്ടെ, ലോകപാലിനെ നിഷ്ഫലമാക്കാനുള്ള കുറുക്കുവഴി അതിനെ സർവ്വത്ര ബാധകമാക്കുക എന്നതാണ്. അതോടെ അത് സകലവിധ നൂലാമാലകളിലും ചെന്നു പെടും. കോടതികളിലെന്നപോലെ പരാതികളുടെ പ്രളയത്തിൽ അതുമുങ്ങിച്ചാവും. അഴിമതി തടയാനുള്ള നിയമങ്ങൾക്ക് ഇന്ത്യയിലൊരു പഞ്ഞവുമില്ല. നിയമം നടപ്പാക്കാൻ ഉത്തരവാദപ്പെട്ടവരുണ്ടെങ്കിൽ എല്ലാം ശരിയാക്കാം. പ്രധാനമന്ത്രിയും ഇന്ത്യൻ ചീഫ് ജസ്റ്റീസും ലോകപാലിന്റെ പരിധിയിലും മുഖ്യമന്ത്രിമാരും ഹൈക്കോടതി ചീഫജസ്റ്റീസുമാരും ലോകായുക്തയുടെ പരിധിയിലും വന്നാൽ എല്ലാം ശരിയാകും. അപ്പോഴും അഴിമതി വിരുദ്ധ ജനകീയ പ്രസ്ഥാനങ്ങൾ ജാഗരൂകമായിരിക്കേണ്ടതുണ്ട്. ആ സമ്മർദ്ദമുണ്ടെങ്കിലെ ലോകപാലും ലോകായുക്തയും ശരിക്ക് പ്രവർത്തിക്കൂ.

(ദൽഹിയിലെ ജവാഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലെ സാമൂഹ്യ ശാസ്ത്ര വിഭാഗത്തിലെ അംഗമാണ് ലേഖകൻ) ❑



# കള്ളപ്പണ നിക്ഷേപം കണ്ടെത്താൻ ഒരു കുറുക്കുവഴി

**- അശോക് ദാസ് ഗുപ്ത -**

ഇന്ത്യക്കാർ വിദേശത്ത് രഹസ്യമായി സൂക്ഷിച്ചിട്ടുള്ള കള്ളപ്പണത്തെപ്പറ്റി ഗവർമ്മേണ്ട് ഒരുപാട് ഒച്ചപ്പാടുണ്ടാക്കുന്നുണ്ടെങ്കിലും, അതിലൊരു ആത്മാർത്ഥതയുമില്ലെന്നതാണ് വാസ്തവം. കള്ളപ്പണ നിക്ഷേപത്തിലധികവും സ്വിസ്സ് ബാങ്കുകളിലാണ്. അത് പിടിച്ചെടുക്കുക വിഷമകരമാണെങ്കിലും, അതെത്രയുണ്ടെന്ന് മനസ്സിലാക്കാനും അതിൽനിന്ന് കുറച്ച് ഇന്ത്യയുടെ ഖജനാവിലെത്തിക്കാനും മാർഗ്ഗമുണ്ട്. ഇന്ത്യാ ഗവർമ്മേണ്ട് ആ വഴിക്ക് തിരിഞ്ഞു നോക്കുന്നില്ലെന്നതാണ് വാസ്തവം. നിഷ്ഫലമായ ബഹളംകൂട്ടലിന്നപ്പുറം പ്രായോഗികമായ കാര്യങ്ങളിലേക്ക് ഗവർമ്മേണ്ട് കടക്കുന്നില്ല.

സ്വിസ്സ് ബാങ്കുകളിൽ ഇന്ത്യക്കാർ എത്രപണം നിക്ഷേപിച്ചിട്ടുണ്ടെന്നു വെളിപ്പെടുത്താൻ സ്വിസ്സ് ഗവർമ്മേണ്ട് തയ്യാറാവില്ല. ഇന്ത്യയിൽ നടത്തിയ നിയമ വിരുദ്ധമായ പ്രവർത്തനങ്ങളിലൂടെ സമാഹരിച്ച പണമാണ് ഏതെങ്കിലുമൊരു ബാങ്കിൽ കിടക്കുന്നതെന്ന് സ്വിസ്സ് ഗവർമ്മേണ്ടിനെ ബോധ്യപ്പെടുത്തിയാൽ മാത്രമേ സ്വിസ്സ് ഗവർമ്മേണ്ട് എന്തെങ്കിലും ചെയ്യൂ. അത് അസാധ്യമായ കാര്യമാണെന്നു പറയേണ്ടതില്ലല്ലൊ. ഒന്നാമത് ഏതെല്ലാം ബാങ്കിൽ എത്രയെല്ലാം നിക്ഷേപിച്ചിട്ടുണ്ടെന്ന് നമുക്കറിയാൻ മാർഗ്ഗമൊന്നുമില്ല.

എന്നാൽ സ്വിസ്സ് നികുതി നിയമത്തിലെ ഒരു വ്യവസ്ഥയെ കരുവാക്കിയാൽ എത്രപണം രഹസ്യനിക്ഷേപമായിട്ടുണ്ടെന്ന് കണ്ടുപിടിക്കാമെന്നു മാത്രമല്ല, അതിലൊരംശം ഇന്ത്യൻ ഖജനാവിലെത്തിക്കാനും കഴിയും. അതിങ്ങനെയാണ്. സ്വിസ് ബാങ്കുകളിൽ പണം നിക്ഷേപിച്ചിട്ടുള്ളവർക്ക് പലിശ കിട്ടും. ഈ പലിശക്ക് സ്വിസ്സ് ഗവർമ്മേണ്ട് നികുതി ചുമത്തുന്നുണ്ട്. വിദേശ ഗവർമ്മേണ്ടുകൾ ആവശ്യപ്പെടുകയാണെങ്കിൽ ഇങ്ങനെ ചുമത്തുന്ന നികുതിയുടെ ഒരംശം സ്വിസ്സ് ഗവർമ്മേണ്ട് അപേക്ഷകർക്ക് നൽകും. അങ്ങനെ കിട്ടുന്ന നികുതി വിഹിതം വച്ച് പിന്നോക്കം കണക്കാക്കിയാൽ, രഹസ്യ നിക്ഷേപം എത്രയാണെന്ന് മനസ്സിലാക്കാനെങ്കിലും കഴിയും.

സ്വിസ്സ് നികുതിനിയമത്തിലെ ഈ വ്യവസ്ഥയെ ഫലപ്രദമായി ഉപോയോഗപ്പെടുത്തിയ ആദ്യത്തെ കൂട്ടർ യൂറോപ്യൻ യൂണിയൻതന്നെയാണ്. ഇന്ത്യയിൽ മാത്രമല്ല, എല്ലായിടത്തും കള്ളപ്പണ ബിസിനസ്സുണ്ട്. ഇന്ത്യയിൽ അത് ഭീമമായ തുകയാണെങ്കിൽ യൂറോപ്പിൽ അതല്പം കുറയുമെന്ന വ്യത്യാസമേയുള്ളൂ. 2005ൽ യൂറോപ്യൻ യൂണിയനും സ്വിറ്റ്സർലാൻഡും തമ്മിൽ ഇതുസംബന്ധിച്ചൊരു കരാറുണ്ടാക്കി. ഇതനുസരിച്ച്, സ്വിസ്സ് ഗവർമ്മേണ്ട് ചുമത്തുന്ന നികുതി പ്രകാരമുള്ള വരുമാനത്തിൽ 75 ശതമാനം യൂറോപ്യൻ രാജ്യങ്ങൾക്ക് കൈമാറും; ബാക്കി തുകയേ സ്വിസ്സ് ഗവർമ്മേണ്ടിന്നു കിട്ടൂ. ഇപ്പോൾ വ്യക്തിപരമായ കള്ളപ്പണ നിക്ഷേപത്തിന്നു മാത്രമേ ഈ കരാർ ബാധകമാകൂ; കമ്പനികളും മറ്റും നടത്തിയിട്ടുള്ള കള്ളപ്പണ നിക്ഷേപത്തിന്ന് ഇത് ബാധകമല്ല.

വ്യക്തിപരമായ നിക്ഷേപങ്ങൾക്ക്

സ്വിസ്സ് ബാങ്കുകൾ ഒന്നരശതമാനമേ പലിശ നൽകുന്നുള്ളൂ. എന്നിട്ടും നികുതിയിനത്തിൽ ഭീമമായ തുകയാണ് സ്വിസ്സ് ഗവർമ്മേണ്ടിന്നു ലഭിക്കുന്നത്. 2008 ലെ കണക്കനുസരിച്ച് ഒന്നര ശതമാനം വരുന്ന പലിശയുടെ ഇരുപതു ശതമാനമാണ് സ്വിസ്സ് ഗവർമ്മേണ്ടിന്നു ലഭിക്കുന്നത്. ഈ നിസ്സാര വകയിലൂടെ സ്വിറ്റ്സർലണ്ടിന്ന് കൊല്ലത്തിൽ 86 കോടി ഡോളറിന്റെ വരുമാനമുണ്ട്. ഇതിൽ 65 കോടി ഡോളർ യൂറോപ്യൻ രാജ്യങ്ങൾക്ക് വിട്ടുകൊടുക്കുന്നു.

ഒന്നര ശതമാനം ബാങ്ക് പലിശയെന്ന അതിന്റെ ഇരുപതു ശതമാനം നികുതി വരുമാനമൊന്നും കണക്കാക്കിയാൽ, യൂറോപ്യന്മാർ വ്യക്തിപരമായ നിലയിൽ സ്വിസ്സ് ബാങ്കുകളിൽ സൂക്ഷിച്ചിരിക്കുന്ന രഹസ്യ നിക്ഷേപം 34,600 കോടി ഡോളറാണെന്നു കിട്ടും.

യൂറോപ്യൻ യൂണിയനും സ്വിറ്റ്സർലണ്ടും തമ്മിലുണ്ടാക്കിയ കരാർ പോലെ ഒരു കരാർ ഇന്ത്യയും സ്വിറ്റ്സർലാൻഡും തമ്മിലുണ്ടാക്കിയാൽ, ഇന്ത്യക്കാരുടെ വ്യക്തിപരമായ രഹസ്യ നിക്ഷേപം എത്രയാണെന്ന് മനസ്സിലാക്കാൻ കഴിയും. ഇന്ത്യാഗവർമ്മേണ്ടിന്ന് അറിയാത്ത കാര്യമൊന്നുമല്ല ഇത്. പക്ഷെ അവരത് ചെയ്യില്ല. കാരണം വ്യക്തം.

ബാബ രാംദേവ് ഈയിടെ കള്ളപ്പണത്തെപ്പറ്റി ബഹളം കൂട്ടിയപ്പോൾ, ഇന്ത്യാ ഗവർമ്മേണ്ട് സ്വിറ്റ്സർലാൻഡ് അടക്കം രണ്ടു ഡസൻ രാജ്യങ്ങളുമായി വിവര കൈമാറ്റക്കരാറുണ്ടാക്കിയതായും മറ്റും അവകാശപ്പെട്ടു. പക്ഷെ ഈ നികുതിക്കാര്യം മാത്രം മിണ്ടിയില്ല!

ഇന്ത്യക്കാർ വിദേശങ്ങളിൽ സൂക്ഷിച്ചിട്ടുള്ള കള്ളപ്പണത്തിന്റെ വലുപ്പത്തെക്കുറിച്ച് പല വിദഗ്ധന്മാരും പലകണക്കുകളാണ് അവതരിപ്പിച്ചിട്ടുള്ളത്. ചില വിദഗ്ധന്മാർ അത് 50,000 കോടി ഡോളറാണെന്നു കണക്കാക്കുമ്പോൾ, മറ്റു ചിലർ അത് 140,000 കോടി ഡോളർ വരുമെന്നു പറയുന്നു. കള്ളപ്പണത്തെപ്പറ്റി ഏറെക്കുറെ ആധികാരികമായി സംസാരിക്കാൻ കഴിവുള്ള അന്താരാഷ്ട്ര സ്ഥാപനമാണ് ഗ്ലോബൽ ഫിനാൻഷ്യൽ ഇന്റഗ്രിറ്റി. ഇവരുടെ കണക്കു പ്രകാരം ഇന്ത്യയിൽ നിന്നുള്ള കള്ളപ്പണ പ്രവാഹം 462,000 കോടി ഡോളറാണ്. ഇത് മുഴുവനും സ്വിറ്റ്സർലാൻഡിലേക്കാണെന്നു വരില്ല. കള്ളപ്പണം നിക്ഷേപിക്കാവുന്ന മറ്റു ചില രാജ്യങ്ങളുമുണ്ട്. ഏതായാലും സ്വിറ്റ്സർലാൻഡുമായി ഒരു കരാറുണ്ടാക്കിയാൽ, അവർ നികുതിയായി പിരിച്ചെടുക്കുന്ന തുകയിൽ അല്പമെങ്കിലും ഇന്ത്യക്ക് വീണ്ടെടുക്കാൻ കഴിയും.

സ്വിറ്റ്സർലാൻഡിൽതന്നെ കള്ളപ്പണ ബിസിനസ്സിന്നെതിരായി പ്രവർത്തിക്കുന്ന ഒരു സ്ഥാപനമുണ്ട് "അലയൻസ് സൂദ്" എന്നാണതിന്റെ പേര്. ഈ സ്ഥാപനത്തിന്റെ പ്രവർത്തകനായ ഹർക്കെൻ റാഥ് ഇക്കാര്യം ചൂണ്ടിക്കാട്ടുകയുണ്ടായി. ഇന്ത്യയെപ്പോലുള്ള വികസ്വര രാജ്യങ്ങളിൽനിന്നാണ് ഏറ്റവുമധികം കള്ളപ്പണം ഒഴുകിയെത്തുന്നത്. ഈ രാജ്യങ്ങൾ ആവശ്യപ്പെട്ടാൽ യൂറോപ്യൻ യൂണിയനുമായി ഉണ്ടാക്കിയ തരത്തിലുള്ള കരാറിലേർപ്പെടാൻ തങ്ങൾ തയ്യാറാണെന്ന് സ്വിറ്റ്സർലാൻഡ് പലതവണ പ്രഖ്യാപിച്ചിട്ടുള്ളതാണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. എന്നാൽ ഇന്ത്യയടക്കം ഒരൊറ്റ രാജ്യം പോലും ഇതിന്നായി സ്വിറ്റ്സർലാൻഡിനെ സമീപിച്ചിട്ടില്ല. എന്തുകൊണ്ട്? ഊഹിക്കുകയേ നിവൃത്തിയുള്ളൂ. വ്യക്തിഗതമായ രഹസ്യനിക്ഷേപങ്ങളിൽ മിക്കതും രാഷ്ട്രീയ നേതാക്കന്മാരുടേതാകണം. അതുകൊണ്ടുതന്നെ അവർക്കിത് പുറത്തുകൊണ്ടുവരുന്നതിൽ താല്പര്യമുണ്ടാകാനുമിടയില്ല. ❑



# ജനനീതിയുടെ 19-ാമത് വാർഷിക പൊതുയോഗം അംഗീകരിച്ച പ്രമേയങ്ങൾ

**1. മതം ഭരണകാര്യങ്ങളിൽ ഇടപെടരുത്: ജനനീതി**

പാഠപുസ്തകത്തിലെ ചില പരാമർശങ്ങളുടെ പേരിൽ ചില മത-സാമുദായിക നേതാക്കൾ ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട സർക്കാരിനെ ഭീഷണിപ്പെടുത്തുകയും വിദ്യാർത്ഥികളേയും രക്ഷിതാക്കളേയും തെറ്റിധരിപ്പിക്കാൻ ശ്രമിക്കുകയും ചെയതുവരുന്നതിൽ ജൂൺ 26 ന് തൃശൂരിൽ ചേർന്ന ജനനീതിയുടെ പത്തൊമ്പതാം വാർഷിക സമ്മേളനം ഉൽക്കണ്ഠ രേഖപ്പെടുത്തി.

അനാവശ്യമായ ശക്തി പ്രകടനങ്ങൾക്കും വിലപേശലുകൾക്കും ഇത് ഇടയാക്കുന്നതായി സമ്മേളനം അംഗീകരിച്ച പ്രമേയത്തിൽ ചൂണ്ടിക്കാട്ടി സംസ്കാരത്തോടും നിയമവാഴ്ചയോടും ജനാധിപത്യ-മതേതര മൂല്യങ്ങളോടുമുള്ള യുദ്ധ പ്രഖ്യാപനമായി ഇതിനെ കാണേണ്ടതുണ്ടെന്ന് പ്രമേയത്തിൽ പറയുന്നു.

ചരിത്ര സത്യങ്ങളെ നിഷേധിക്കാനോ തമസ്കരിക്കാനോ ആർക്കും അധികാരമില്ല. ഭൂതകാലത്ത് നടന്ന പല ചെയ്തികളും നമ്മെ വേദനിപ്പിച്ചുവെന്നുവരാം. ഇത്തരം സന്ദർഭങ്ങളെ സഹിഷ്ണുതയോടും യാഥാർത്ഥ്യബോധത്തോടുംകൂടി കാണണം. ഇവ ജനങ്ങൾക്കിടയിൽ കലഹവും കലാ

## ബിൽ പാസാക്കിയാൽ പ്രധാനമന്ത്രിതന്നെ കുടുങ്ങും

ഈ എം. പി. മാർ അഴിമതി വിരുദ്ധ ബിൽ പാസാക്കുമെന്ന് കരുതുന്നുണ്ടോ എന്ന് ഒരു പത്രലേഖകൻ അന്നാ ഹസാരയോട് ചോദിച്ചു. ഇത്തരമൊരു ബില്ലിനെ വിവിധ കക്ഷികൾ എതിർത്തുവെന്നുവരാം. എന്നാൽ പരമാധികാരികളായ ജനങ്ങൾക്കിടയിൽ എനിക്കു വിശ്വാസമുണ്ട് എന്നായിരുന്നു മറുപടി.

മുംബായിൽ നടത്തിയ ഒരു സാമ്പിൾ സർവ്വേയിൽ ജനങ്ങളിൽ 95 ശതമാനവും പ്രധാനമന്ത്രിയേയും ഉന്നത നീതിപീഠങ്ങളേയും ബില്ലിന്റെ പരിധിക്കകത്ത് കൊണ്ടുവരണമെന്ന് അഭിപ്രായപ്പെട്ടതായി അന്ന ഹസാരേ ടീമിലെ ഒരംഗമായ കിരൺ ബേദി പറഞ്ഞു.

പ്രധാനമന്ത്രി ഡോ. മൻമോഹൻ സിങ്ങ് തന്നെ സത്യസന്ധനാണോ എന്ന് അന്ന ഹസാരേ ടീമിലെ മറ്റൊരംഗമായ സ്വാമി അഗ്നിവേശ് ചോദിച്ചു. മാൻമോഹൻ സിങ്ങ് പഞ്ചാബുകാരനാണെന്ന് എല്ലാവർക്കും അറിയാം. എന്നാൽ ആസാംകാരനാണെന്ന് എഴുതികൊടുത്താണ് അദ്ദേഹം രാജ്യസഭാംഗമായതെന്ന് അഗ്നിവേശ് ചൂണ്ടിക്കാട്ടി.

ജനകീയ ലോകപാൽ ബിൽ ഒരു ജനഹിത പരിശോധനക്ക് സമർപ്പിക്കാമെന്ന തങ്ങളുടെ നിർദ്ദേശം സർക്കാർ തിരസ്കരിച്ചിരിക്കുകയാണെന്ന് മറ്റൊരംഗമായ അരവിഗന്ദ് കേസരിവാൾ ചൂണ്ടിക്കാട്ടി. (ഹിന്ദു 19-07-2011) ❑

പവും സൃഷ്ടിക്കാനുള്ള കരുക്കളാക്കരുത്. വിദ്യാലയങ്ങളെയും ദേവാലയങ്ങളേയും ഇതിന്നുള്ള വേദികളാക്കാനുള്ള ശ്രമങ്ങളെ ഭരണകൂടം തടയേണ്ടതാണ്.

ലബ്ധപ്രതിഷ്ഠരായ പണ്ഡിതന്മാർ അവധാനതയോടെ രൂപം കൊടുത്ത പാഠ്യപദ്ധതി പുന:പരിശോധനക്ക് വിധേയമാക്കണമെങ്കിൽ, കൂടുതൽ വിശ്വാസ്യതയും നിഷ്പക്ഷതയുമുള്ള പണ്ഡിതന്മാരെ അതിന്നു നിയോഗിക്കേണ്ടതുണ്ട്. മാതാധികാരത്തോട് വിധേയത്വം പ്രഖ്യാപിച്ചിട്ടുള്ളവർക്ക് അതിന്നർഹതയില്ലെന്ന് പ്രമേയം ചൂണ്ടിക്കാട്ടി.

**2. ഇന്ത്യയുടെ ആണവനയം**

ജപ്പാനിലെ ഫുക്കുഷിമ അണുവൈദ്യുത കേന്ദ്രത്തിലുണ്ടായ ദുരന്തം ലോകമാകെ അണുവൈദ്യുത പദ്ധതികൾക്കെതിരെ പ്രതിഷേധ കൊടുങ്കാറ്റ് അഴിച്ചുവിട്ടിട്ടുണ്ടെന്ന് സമ്മേളനം അംഗീകരിച്ച മറ്റൊരു പ്രമേയത്തിൽ ചൂണ്ടിക്കാട്ടുന്നു. ഈ ജനരോഷം മനസ്സിലാക്കി ജർമ്മനി അന്നാട്ടിലുള്ള പതിനെട്ടു അണുവൈദ്യുത കേന്ദ്രങ്ങളും അടച്ചുപൂട്ടാൻ തീരുമാനിച്ചിരിക്കുകയാണ്. ഇറ്റലി അതിന്നുമുമ്പുതന്നെ ആണവ നിലയങ്ങൾ ഉപേക്ഷിച്ചിരുന്നു. നമുക്കു ചുറ്റും ഇതെല്ലാം സംഭവിച്ചുകൊണ്ടിരിക്കുമ്പോഴും ഇന്ത്യ ആണവവൈദ്യുതിക്കാര്യത്തിൽ ലോക കിരീടം തന്നെ നേടാൻ പോകുകയാണ്. മഹാരാഷ്ട്രത്തിലെ ജിത്താപ്പൂരിൽ നിർമ്മിക്കുന്ന ആണവ നിലയകേന്ദ്രം പൂത്തിയാകുമ്പോൾ, അത് ലോകത്തിലെ ഏറ്റവും വലിയ അണുകേന്ദ്രമാകുമെന്ന് സർക്കാർ അഭിമാനപൂർവ്വം കൊട്ടിഘോഷിക്കുന്നു. ഇന്ത്യയിൽ ഇപ്പോൾതന്നെ പത്ത് അണുകേന്ദ്രങ്ങളിലായി പതിനെട്ടു റിയ്ക്ടറുകൾ പ്രവർത്തിക്കുന്നുണ്ട്. വേറെ അഞ്ചെണ്ണത്തിന്റെ പണി പൂർത്തിയായിവരുന്നു

.ഇന്ത്യയുടെ ആണവനയ കാര്യത്തിൽ ജനങ്ങളിൽ വലിയൊരു വിഭാഗം ആശങ്കാകുലരാണെന്ന് പ്രമേയത്തിൽ ചൂണ്ടിക്കാട്ടുന്നു. ഇന്ത്യക്കാർക്കു മാത്രമല്ല, ലോകബാങ്കിന്നുപോലും ഇതിൽ ആശങ്കയുണ്ട്. ഈ വസ്തുതകൾ പരിഗണിച്ച് ഇന്ത്യയുടെ ആണവനയം പുന:പരിശോധക്ക് വിധേയമാക്കമമെന്ന് പ്രമേയം ആവശ്യപ്പെടുന്നു. അത് കഴിയുന്നതുവരെ ഇപ്പോൾ നടന്നുവരുന്ന ആണവനിലയങ്ങളുടെ നിർമ്മാണം നിർത്തിവയ്ക്കണമെന്നും പ്രമേയത്തിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**3. അഴിമതി രഹിത ഭരണം ജന്മാവകാശം:**

ശുദ്ധവും നീതിപൂർവ്വകവും ജനപങ്കാളിത്തമുള്ളതുമായ ഒരു സദ്ഭരണം ജനങ്ങളുടെ ജന്മാവകാശമാണെന്ന് യോഗം അംഗീകരിച്ച മറ്റൊരു പ്രമേയത്തിൽ പറയുന്നു. അധികാരം കയ്യാളുന്നവരും അവരെ നിയന്ത്രിക്കുന്ന ഉദ്യോഗസ്ഥ-വ്യവസായ-രാഷ്ട്രീയ മാഫിയകളുമാണ് അഴിമതിയുടേയും കള്ളപ്പണത്തിന്റേയും പ്രഭവകേന്ദ്രങ്ങളെന്നും ജനങ്ങളോടും ഭരണഘടനയോടും വിധേയത്വം ഏറ്റുപറഞ്ഞ് അധികാരമേറ്റ എല്ലാവരും ലോകപാൽ ബില്ലിന്റെ പരിധിയിൽ വരേണ്ടതാണെന്നും പ്രമേയത്തിൽ പറയുന്നു. പ്രധാനമന്ത്രിയും ചീഫ് ജസ്റ്റീസും നിയമത്തിന്നതീതരായിക്കൂടെന്ന് പ്രമേത്തിൽ എടുത്തു പറഞ്ഞിട്ടുണ്ട്.

**4. സ്ത്രീകളുടെ സുരക്ഷിതത്വത്തിന്:**

ദൈവത്തിന്റെ സ്വന്തം നാടെന്നും സാക്ഷര കേരളമെന്നും മറ്റും പ്രകീർത്തിക്കപ്പെടാറുള്ള കേരളം സ്ത്രീകളെ സംബന്ധിച്ചിടത്തോളം ഒരു അരക്ഷിത മേഖലയായിരിക്കുന്നു. ഇവിടം ദിവസം ചെല്ലുംതോറും ഞരമ്പു രോഗികളുടേയും പുരുഷധാർഷ്ട്യത്തിന്റേയും കപട സദാചാരികളുടേയും വിഹാര മേഖലയായി തീർന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകളെ അടിമകളാക്കാനും ഭരിക്കാനും ശിക്ഷിക്കാനും ഭോഗിച്ച് തെരുവിലെറിയാനും ദൈവം പുരുഷന് അധികാരം നൽകിയിട്ടുണ്ടെന്ന മട്ടിലാണിവിടെ മാന്യന്മാരുടെ പോലും പെരുമാറ്റം. ശൈശവം പിന്നിടാത്ത ബാലികമാരും യുവതികളും അമ്മമാരുമെന്നല്ല വൃദ്ധകൾപോലും ഇവിടെ ഒരേ മട്ടിൽ ആക്രമിക്കപ്പെടുന്നു; കൊല്ലപ്പെടുന്നു. എന്നാൽ ഇവയിലുൾപ്പെട്ട കുറ്റവാളികൾ ശിക്ഷിക്കപ്പെട്ട വാർത്ത അപൂർവ്വമായേ കാണാറുള്ളൂ. ഏതു വാദഗതിയേയും നടപടിക്രമത്തേയും അട്ടിമറിക്കാനും വാദിയെ പ്രതിയാക്കാൻപോലും ധനവും സ്വാധീനവും രാഷ്ട്രീയാധികാരവുമുള്ളവരാണ് പ്രതികൾ എന്നതുമാത്രമാണിതിന്നു കാരണം.

സ്വന്തം പിതാവുതന്നെ ബാല്യം പിന്നിടാത്ത പെൺകുട്ടിയെ ഒന്നിലേറെ പെൺവാണിഭ സംഘങ്ങൾക്ക് കൈമാറിയ സംഭവങ്ങൾ ഇവിടെ വാർത്തകളിൽ പ്രത്യക്ഷപ്പെടുന്നു. ഇത്തരം ബാലികമാരെ ഭോഗിച്ചവർ സമൂഹത്തിൽ മാന്യന്മാരായി നടക്കുന്നവരും ഉന്നതങ്ങളിൽ പിടിപാടുള്ളവരുമാണ്. കേരളമെന്നു പേരുകേട്ടാൽ ലജ്ജിച്ച് തലതാഴ്ത്തി നടക്കാൻ നാം നിർബ്ബദ്ധരാകുന്നു. അഭിശപ്തമായ ഈ അവസ്ഥയിൽനിന്നും സമൂഹത്തെ മോചിപ്പിക്കേണ്ട ഉത്തരവാദിത്വം ഭരണകൂടവും പൗരസമൂഹവും ഏറ്റെടുക്കേണ്ടതുണ്ടെന്ന് ജനനീതി കരുതുന്നു. നിയമപാലകരും സാംസ്കാരിക നേതാക്കളും ജനപ്രതിനിധികളും ഒരുപോലെ സക്രിയമായ ഇടപെടലുകളിലൂടെ കളങ്കിതമായ മലയാളി സ്വത്വത്തെ വീണ്ടെടുക്കണമെന്ന് ഈ സമ്മേളനം അഭ്യർത്ഥിക്കുന്നു.

**5. സ്വാശ്രയ മുതലാളിമാരുടെ വെല്ലുവിളി:**

സ്വാശ്രയ മേഖലയിൽ മെഡിക്കൽ-എഞ്ചിനീയറിങ് സ്ഥാപനങ്ങൾ നടത്തുന്ന മുതലാളിമാരുടെ ധാർഷ്ട്യത്തിന്നുമുന്നിൽ ഇടതു-വലതു സർക്കാരുകൾ ഒരുപോലെ മുട്ടുമടക്കുന്ന കാഴ്ചയാണിവിടെ കാണുന്നത്. ഇവർ സ്വന്തം സന്തതികളുടെ സീറ്റ് ഭദ്രമാക്കുന്നു. ഈ പ്രവണതയിൽ ജനനീതി ദു:ഖവും രോഷവും പ്രതിഷേധവും രേഖപ്പെടുത്തുന്നു. ഭരണകൂടവും ന്യായാസനങ്ങളും മെഡിക്കൾ കൗൺസിൽ പോലെയുള്ള അധികാര സ്ഥാനങ്ങളും മുതലാളിമാർക്കുവേണ്ടി ഒത്തുകളിക്കുന്ന കാഴ്ച ദയനീയമാണ്. വിദ്യാർത്ഥികളുടെ ന്യായവും മൗലീകവുമായ അവകാശങ്ങളാണിവർ കവർന്നെടുക്കുന്നത്. ഭരണകൂടത്തിന്റ മൗനാനുവാദത്തോടെ വിദ്യാഭ്യാസ കച്ചവടക്കാരും അവരുടെ ദല്ലാൾമാരും ജനങ്ങൾക്കെതിരെ നടത്തുന്ന ഗൂഢാലോചനകളുടെ തലപ്പത്ത് മത-മാധ്യമ-മാർക്കറ്റ് മാഫിയകളുടെ തലവന്മാർ ഒരുമിച്ചു വരുന്നത് തിന്മയുടെ ശക്തികൾ ജനങ്ങൾക്കെതിരെ സംഘടിക്കുന്നതിന്റെ തെളിവായി ഈ സമ്മേളനം കണക്കാക്കുന്നു.

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം സാമൂഹ്യനീതിക്കായി കേരളം സ്വീകരിച്ചുപോന്ന സകല നടപടികളേയും നീതിവ്യവസ്ഥയേയും അട്ടിമറിക്കുന്ന സംഭവങ്ങളാണ് ദിവസേനയെന്നോണം ഉന്നത വിദ്യാഭ്യാസ രംഗത്ത് അരങ്ങേറിക്കൊണ്ടിരിക്കുന്നത്. ജനങ്ങൾക്കുവേണ്ടി ജനങ്ങൾ തിരഞ്ഞെടുത്ത ജനകീയ സർക്കാരാകട്ടെ ഒരു നോക്കുകുത്തിപോലെനിന്നുകൊണ്ട് ഇതിനെല്ലാം മൗനാനുവാദം നൽകി പങ്കുവയ്ക്കൽ പ്രക്രിയയിലും മുഴുകിയിരിക്കുന്നു. ഇവിടെ ജനാധിപത്യം കരിഞ്ഞുണങ്ങിപ്പോയിക്കൊണ്ടിരിക്കുകയാണെന്ന് ജനനീതി ഭീതിയോടെ കാണുന്നു. ഇതിന്നെതിരെ പ്രതികരിക്കണമെന്ന് കേരളത്തിലെ നീതിബോധമുള്ള പൗരസമൂഹത്തോട് ജനനീതി അഭ്യർത്ഥിക്കുന്നു. ❑

Reg. No.3551/93/L Dis Registered: KL/CR/TCR/347/2009-2011
Posted at R.M.S., Thrissur-21. Date of posting: 27-8-2011

# മരുന്നുപരീക്ഷണങ്ങൾ സുതാര്യമാക്കുന്നതിൽ നൈതിക സമിതിയുടെ പങ്ക്

ഒരു സ്ഥാപനത്തിൽ നടത്തപ്പെടുന്ന മരുന്നു പരീക്ഷണങ്ങളെ നിരീക്ഷിക്കുന്നതിനും അപഗ്രഥിക്കുന്നതിനും വിലയിരുത്തുന്നതിനും അവയുടെ ശാസ്ത്രീയ അടിത്തറയും നൈതിക നിലവാരവും ഉറപ്പുവരുത്തുന്നതിനും നിയോഗിക്കപ്പെടുന്ന വിദഗ്ധ സംഘമാണ് നൈതിക സമിതി.

**നൈതിക സമിതിയുടെ പ്രത്യേക ചുമതലകൾ:**

1. മരുന്നു പരീക്ഷണത്തിൽ പങ്കെടുക്കുന്ന വ്യക്തിയുടെ ആത്മാഭിമാനം, മൗലീകാവകാശങ്ങൾ, സ്വയം നിർണ്ണയാധികാരം എന്നിവ സംരക്ഷിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
2. മരുന്നു പരീക്ഷണങ്ങളുടെ നൈതിക നിലവാരം പരിശോധിക്കുകയും ഉറപ്പു വരുത്തുകയും ചെയ്യുക.
3. ഓരോ പ്രദേശത്തേയും പൊതു ജനാരോഗ്യ പ്രശ്നങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുന്ന പരീക്ഷണങ്ങളെ പ്രോത്സാഹിപ്പിക്കുക.
4. മരുന്നു പരീക്ഷണവുമായി ബന്ധപ്പെട്ട് രേഖകൾ സൂക്ഷിക്കുക.
5. മരുന്നു പരീക്ഷണത്തിൽ പങ്കെടുക്കുന്ന വ്യക്തകളുടെ സുരക്ഷിതത്വവും സ്വാതന്ത്ര്യവും ആരോഗ്യവും സംരക്ഷിക്കുക.
6. പരീക്ഷണത്തിന്റെ പുരോഗതി കൃത്യമായ കാലയളവിൽ വിലയിരുത്തി രേഖപ്പെടുത്തുക.
7. പെരുമാറ്റച്ചട്ടവും നടപടി ക്രമങ്ങളും കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
8. പരീക്ഷണം നടത്തുന്ന അന്വേഷകന്റെ യോഗ്യതകളും പരിചയസമ്പത്തും മൂല്യപരമായ നിലപാടുകളും പരിശോധിക്കുക.
9. പങ്കാളിയെ തിരഞ്ഞെടുക്കുന്ന രീതിയും വിവരങ്ങൾ കൈമാറുകയും സമ്മതം വാങ്ങുകയും ചെയ്യുന്ന വഴികളും പരിശോധിക്കുക.
10. പരീക്ഷണത്തിൽ യാതൊരുവിധ ചൂഷണവും നടക്കുന്നില്ല എന്ന് ഉറപ്പുവരുത്തുക.
11. പരീക്ഷണത്തിന്നിടയിൽ പങ്കാളിക്ക് ദോഷകരമായി എന്തെങ്കിലും സംഭവിച്ചാൽ ലഭ്യമായ എറ്റവും നല്ല ചികിത്സയയും ആരോഗ്യ സംരക്ഷണവും ലഭിക്കുമെന്ന് ഉറപ്പുവരുത്തുക.
12. പരീക്ഷണത്തിൽ പങ്കെടുക്കുന്നവർ മാറാരോഗത്തിന്റെ ഇരകളോ, സാന്ത്വന ചികിത്സ തേടുന്നവരോ, ജയിൽവാസികളോ, വിചാരണത്തടവുകാരോ, പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽ പെട്ടവരോ, ദരിദ്രരോ, ഭവന തൊഴിൽ രഹിതരോ, അഭയാർത്ഥികളോ, നടോടികളോ ആണെങ്കിൽ അവർ നൽകുന്ന സമ്മതപത്രം ശ്രദ്ധയോടെ പരിശോധിക്കുക.
13. പങ്കാളിക്ക് പ്രതിഫലമായി/പാരിതോഷികമായി കൊടുക്കുന്ന തുക, കൊടുക്കുന്ന വിധം, തവണകൾ, പരിശോധിക്കുകയും അത് നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുക.
14. രോഗിയുടെ താൽപര്യങ്ങളെ ഒരു തരത്തിലും ഹനിക്കപ്പെടുന്നില്ലെന്നും ഹാനികരമായി ഒന്നും സംഭവിക്കുന്നില്ലെന്നും ഉറപ്പുവരുത്തുക.
15. ദോഷഫലങ്ങൾ അറിയാൻ ഇടയായാൽ പരീക്ഷണ സ്ഥലം സന്ദർശിച്ച് വിശദാംശങ്ങൾ നേരിട്ട് സ്വീകരിക്കുക. അന്വേഷകരിൽനിന്ന് നിശ്ചിത റിപ്പോർട്ട് വാങ്ങുക. ❑

Printed and published by : **Adv. Seby J. Pullely for Niyama Samskara Kendram, Jananeethi**, P.B. No. 8, Thottappady, Mannuthy P.O., Thrissur - 680651. Tel: 487-2373479, Fax: 487-2373281, E-mail: gpneethi@sancharnet.in / gepuli@rediffmail.com www.jananeethi.org **Printing : St.Mary's Orphanage Offset Press, Thrissur. Ph : 2425062, 2446709**

**വരിസംഖ്യ**: വാർഷികം – 50 ക., ആയുഷ്കാലം – 1000 ക.